VOL NO: 10 I ISSUE 28

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 JULY 11 I ₹10



# ഇസ്‌ലാമിക സ്വത്വം മറച്ച് വെക്കേണ്ടതോ?

ഭരണാധികാരികളുടെയും ഭൂരിപക്ഷത്തിന്റെയും മുന്നിൽ സ്വന്തം മതചിഹ്നങ്ങളും ആചാരങ്ങളും വെളിപ്പെടുത്താതെ, അണപ്പല്ല് കടിച്ചുപിടിച്ച് ചിരിക്കുന്ന കപട ഭക്തരിലല്ല; സ്വന്തം വിശ്വാസത്തിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ അപരനും അതിനവകാശമുണ്ടെന്നും ആ അവകാശപ്പോരാട്ടത്തിൽ അവരോടൊപ്പമുണ്ടെന്നും പ്രസ്താവിക്കുന്നവരാവണം മതനിരപേക്ഷതയെ അംഗീകരിക്കുന്നവർ.

## ജലസംരക്ഷണം; വിശ്വാസികളുടെ ബാധ്യത

## മനുഷ്യോൽപത്തിയും പരലോകത്തിനുള്ള തെളിവുകളും

## ഫിർഔന്റെ ജഡം; വസ്തുതയെന്ത്?

ടി.കെ അശ്റഫ് • ഇഅ്ജാസ് ബിൻ ഇസ്മാഈൽ • യൂസുഫ് സാഹിബ്




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 494

# നേർപഥം വാരിക

2026 ജൂലൈ 11
1448 മുഹർറം 26
പുസ്തകം 10 / ലക്കം 28

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**





കവർ സ്റ്റോറി



**10** **ഇസ്‌ലാമിക സ്വത്വം മറച്ചുവെക്കേണ്ടതോ?**

ടി.കെ അശ്‌റഫ്

ഭരണാധികാരികളുടെയും ഭൂരിപക്ഷത്തിന്റെയും മുന്നിൽ സ്വന്തം മതചിഹ്നങ്ങളും ആചാരങ്ങളും വെളിപ്പെടുത്താതെ, അണപ്പല്ല് കടിച്ചുപിടിച്ച് ചിരിക്കുന്ന കപട ഭക്തരല്ല; സ്വന്തം വിശ്വാസത്തിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ അപരനും അതിനവകാശമുണ്ടെന്നും ആ അവകാശപ്പോരാട്ടത്തിൽ അവരോടൊപ്പമുണ്ടെന്നും പ്രസ്താവിക്കുന്നവരാവണം മതനിരപേക്ഷതയെ അംഗീകരിക്കുന്നവർ.

**04** നമുക്കുചുറ്റും
അയൽപക്ക ബന്ധം ഊഷ്മളമാക്കുക
ഹന്ന മുഹമ്മദ്

**05** മുഖമൊഴി
മതേതരശക്തികൾ മൗനം വെടിയുക

**06** ലേഖനം
ജലസംരക്ഷണം; വിശ്വാസികളുടെ ബാധ്യത
മെഹബൂബ് മദനി ഒറ്റപ്പാലം

**09** ആത്മവിചാരം
പ്രതിസന്ധികളിൽ തളരാതിരിക്കുക
ഹാരിസ് ബിൻ സലീം

**18** ലേഖനം
മനുഷ്യോൽപത്തിയും പരലോകത്തിനുള്ള തെളിവുകളും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്‌കത്ത്

**22** വിശകലനം
ഫിർഔന്റെ ജഡം; വസ്തുതയെന്ത്?
ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**24** വിമർശനം
ജനങ്ങളെ കേൾക്കാനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി!
മൂസ സ്വലാഹി കാര

**26** ലേഖനം
മിനാരങ്ങൾക്കു മുകളിലെ ബുൾഡോസറുകൾ
റൈഹാൻ ഷഹീദ്

**29** പഠനം
ശീഇകളുടെ ഉത്ഭവം
ഡോ. ടി. കെ. യൂസുഫ്

**30** ആരോഗ്യപഥം
ഭക്ഷണവും ആരോഗ്യവും
ഡോ. സലീല കെ, കോട്ടക്കൽ

**32** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
ജെൻസിക്കോലം!
സിനി. ടി. കെ, മണ്ണാർക്കാട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# അയൽപക്ക ബന്ധം ഊഷ്മളമാക്കുക

ഹന്ന മുഹമ്മദ്

ഒരു കൂട്ടുകാരി കഴിഞ്ഞദിവസം ഫോൺ വിളിച്ചപ്പോൾ വിഷമത്തോടെ പങ്കുവെച്ചത് അവരുടെ അയൽവാസി പ്രയാസപ്പെടുത്തുന്ന ചില കാര്യങ്ങളെക്കുറിച്ചാണ്. അവളുടെ വീടിന്റെ ബാത്ത്റൂമിന്റെ പുറകിൽ അയൽവാസിയുടെ സ്ഥലത്തിന്റെയും ഇവരുടെ സ്ഥലത്തിന്റെയും അതിരിലായി ഒരു തെങ്ങ് നിൽപ്പുണ്ട്. ഇതിന്റെ വേരുകൾ നാലുപാടും പടർന്ന് ഇവരുടെ ബാത്ത്റൂമിലെ ടൈലുകൾ ഇളകിപ്പോയി. അത് പുതുതായി വീണ്ടും പണിയേണ്ടി വന്നു. അവരോട് നേരിട്ട് പറഞ്ഞിട്ടും ഫലമില്ലാതെ വന്നപ്പോൾ പഞ്ചായത്തിൽ പരാതി കൊടുത്തു. ഉപദ്രവം നീക്കിക്കൊടുക്കാൻ പഞ്ചായത്ത് ഉത്തരവ് നൽകിയിട്ടും അയൽവാസി വഴങ്ങുന്നില്ല. തെങ്ങ് മുറിക്കില്ല എന്ന വാശിയിലാണ്.

ഇതുപോലുള്ള സംഭവങ്ങൾ ഇത് വായിക്കുന്ന മിക്കവർക്കും പറയാനുണ്ടായിരിക്കും. സ്ഥലത്തിന്റെ അതിരിന്റെ പേരിൽ, വഴിയുടെ പേരിൽ, വീട്ടുവളപ്പിലേക്ക് ചാഞ്ഞുനിൽക്കുന്ന മരത്തിന്റെ പേരിൽ, ...അങ്ങനെ പലവിധ കാരണങ്ങളാൽ പരസ്പരം വഴക്കിടുന്ന, പിണങ്ങിക്കഴിയുന്ന അയൽവാസികളുണ്ട്. ആരുതന്നെ പറഞ്ഞാലും ഒത്തുതീർപ്പിനും വിട്ടുവീഴ്ചക്കും തയ്യാറില്ലാത്തവർ, പരമാവധി ഉപദ്രവിച്ച് സായൂജ്യമടയുന്നവർ!

സ്വന്തം പുരയിടത്തിൽ നിന്നും മഴവെള്ളവും അഴുക്ക് വെള്ളവും അയൽവാസികളുടെ വീടുകളിലേക്ക് തിരിച്ചുവിടുക, അതിരുകളിൽ മരങ്ങൾ വെച്ചുപിടിപ്പിച്ച് അവ വലുതായി അതിരിനപ്പുറത്തേക്ക് വളരുമ്പോൾ ആ സ്ഥലം വളച്ചുകെട്ടി സ്വന്തമാക്കാൻ ശ്രമിക്കുക പോലുള്ള അക്രമങ്ങൾ ചെയ്യുന്നവരുമുണ്ട്.

ക്ഷണികമായ ഇഹലോക ജീവിതത്തിൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നവരും അന്യരുടെ അവകാശങ്ങൾ ഹനിക്കുന്നവരും അല്ലാഹുവിന്റെ കോടതിയിൽനിന്ന് രക്ഷപ്പെടുമെന്ന് വിചാരിക്കുന്നുണ്ടോ? സ്വന്തം വീട്ടുകാർ സ്വസ്ഥമായി ജീവിക്കണം എന്ന് ചിന്തിക്കുന്നവർക്ക് എങ്ങനെയാണ് അയൽവാസികളെ ദ്രോഹിക്കുവാൻ കഴിയുക?

സ്വന്തം കുടുംബത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതോടൊപ്പം അയൽവാസികളോടുള്ള മര്യാദകളും കടപ്പാടുകളും പാലിക്കുകയും അവകാശങ്ങൾ വകവെച്ചു നൽകുകയും ചെയ്യൽ വിശ്വാസിയുടെ ബാധ്യതയാണ്.

അയൽവാസികളോടുള്ള പെരുമാറ്റത്തെക്കുറിച്ച് നബി(സ്വ) പറഞ്ഞു: അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) അരുളി: “ഏതൊരുവന്റെ ഉപദ്രവങ്ങളിൽ നിന്ന് തന്റെ അയൽവാസി നിർഭയനാകുന്നില്ലയോ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല” (മുസ്‌ലിം).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) അരുളി: “അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽക്കാരനെ ഉപദ്രവിക്കരുത്” (ബുഖാരി, മുസ്‌ലിം).

സമൂഹത്തിന്റെ ഭദ്രതക്കും കെട്ടുറപ്പിനും അനിവാര്യമായ ഒരു ഘടകമാണ് അയൽക്കാർ തമ്മിലുള്ള നല്ല ബന്ധം. ഒരു ആപത്ത് സംഭവിച്ചാൽ അടുത്ത ബന്ധുക്കളെത്തും മുമ്പെ ഓടി വരാനുള്ള അയൽക്കാരുമായി നല്ല ബന്ധം സ്ഥാപിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പരസ്പരം വിട്ടുവീഴ്ച ചെയ്തും പൊറുത്തു കൊടുത്തും പിണങ്ങിക്കഴിയുന്ന അയൽക്കാരെ ഇണക്കിയെടുക്കാൻ ശ്രമിക്കണം. ■

മുഖമൊഴി

# മതേതരശക്തികൾ മൗനം വെടിയുക

നഗ്നമായ വർഗീയത വിശ്വാസപ്രമാണമായി സ്വീകരിക്കുകയും അത് പരസ്യമായി പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ നാടുവാഴുമ്പോൾ അതിന്റെ അപകടം ശരിക്കും മനസ്സിലാക്കാനോ വിലയിരുത്താനോ കഴിയാതെ മതേതര ജനാധിപത്യ സഖ്യങ്ങൾ സമകാലീന ഇന്ത്യയിൽ പരാജയപ്പെട്ടു പോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ബിജെപി ഭരിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അരാജകത്വം കൊടികുത്തി വാഴുകയാണ്. മുസ്‌ലിം ആരാധനാലയങ്ങളും മുസ്‌ലിംകളുടെ വീടുകളും കച്ചവട സ്ഥാപനങ്ങളുമെല്ലാം ബുൾഡോസറുകൾകൊണ്ട് തകർക്കുന്നു. ജയ് ശ്രീരാം വിളിക്കാൻ പറഞ്ഞ് മുസ്‌ലിം കുട്ടികളെ പോലും അതിക്രൂരമായി മർദിക്കുന്നു. പശുക്കടത്തും ബീഫ് സൂക്ഷിച്ചതും ആരോപിച്ച് മുസ്‌ലിംകളെയും ദളിതരെയും തല്ലിക്കൊല്ലുന്നു...

ഫാസിസത്തിന്റെ ഇന്ത്യൻ പതിപ്പുകളാണ് സംഘപരിവാർ കക്ഷികൾ എന്നും ഹിറ്റ്‌ലറുടെ സാമൂഹ്യ വീക്ഷണമാണ് ഇവരുടേതെന്നുമുള്ള യാഥാർഥ്യം നാം മനസ്സിലാക്കണം. ഹിറ്റ്‌ലറും നാസി പാർട്ടിയും ജർമനിയിൽ വേരുറപ്പിച്ചത് തെരഞ്ഞെടുപ്പിലൂടെയായിരുന്നു. 1928ൽ ജർമൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നാസി പാർട്ടിക്ക് വെറും 12 സീറ്റ് മാത്രമാണുണ്ടായിരുന്നത്. 1933ൽ 250ഓളം സീറ്റുകളും 44 ശതമാനം വോട്ടും നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറി. തുടർന്ന് അധികാരത്തിലെത്തിയതോടെ പാർലമെന്റിനെ റബ്ബർ സ്റ്റാമ്പാക്കി മാറ്റി. അതുപോലെ 1984ൽ വെറും രണ്ട് എംപിമാർ മാത്രമുണ്ടായിരുന്ന ബി.ജെ.പിയാണ് പാർലമെന്ററി സമ്പ്രദായം ഉപയോഗിച്ച് ഇന്ന് ഭരണകക്ഷിയായിത്തീർന്നിരിക്കുന്നത്. തെരഞ്ഞെടുപ്പുകളോ പാർലമെന്ററി സംവിധാനമോ ഫാസിസത്തിന്റെ വരവിനെ ചെറുക്കുമെന്ന് കരുതുന്നത് മൗഢ്യമാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്ത വിധം ഇത് ബോധ്യപ്പെടുത്തിത്തരുന്നു. അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾക്കായുള്ള പരക്കം പാച്ചിലിൽ അന്ധത ബാധിച്ച മതേതര കക്ഷികൾ ഈ യാഥാർഥ്യം കാണാതെപോകുന്നു.

ഗാന്ധിജി ഫാസിസത്തിന്റെ ഈ മുഖം നേരത്തെ തന്നെ കണ്ടെത്തിയിരുന്നു. ഇന്ത്യൻ ജനതക്ക് അദ്ദേഹം ഇക്കാര്യത്തിൽ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയും സന്തത സഹചാരിയുമായിരുന്ന പ്യാരിലാൽ 'മഹാത്മാഗാന്ധി; അന്ത്യഘട്ടം' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം ഇങ്ങനെ രേഖപ്പെടുത്തുന്നു: "സ്വാതന്ത്ര്യസമരം കത്തിനിന്ന കാലം. മഹാത്മാഗാന്ധിയുടെ പിന്തുണയില്ലാതെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ഥാനം ലഭിക്കാൻ കഴിയില്ലെന്ന് ഫാസിസ്റ്റുകൾ മനസ്സിലാക്കി. (1934ലെ എ.ഐ.സി.സി, ആർ.എസ്.എസ് അടക്കമുള്ള ഫാസിസ്റ് സംഘടനകളെ ബഹിഷ്കരിക്കാൻ തീരുമാനമെടുത്ത കാലമായിരുന്നു അത്). ഗാന്ധിയയെ സ്വാധീനിക്കാൻ അവർ ശ്രമമാരംഭിച്ചു. അങ്ങനെ ഗാന്ധിയുടെ ആസ്ഥാനമായിരുന്ന വർധയിൽ നടന്ന ഒരു ആർ.എസ്.എസ് ക്യാമ്പ് സന്ദർശിക്കാൻ ഹെഡ്ഗെവാർ അദ്ദേഹത്തെ ക്ഷണിച്ചു. സ്വതസിദ്ധമായ മര്യാദ പ്രകാരം അദ്ദേഹം ക്ഷണം സ്വീകരിച്ചു."

പരിപാടിയിൽ പങ്കെടുത്തതിനു ശേഷം ഗാന്ധി പ്രകടിപ്പിച്ച അഭിപ്രായം പ്യാരിലാൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: "പരിപാടിക്കിടയിൽ കൂട്ടത്തിൽ വന്ന ഒരാൾ ഗാന്ധിയോട് ആർ.എസ്.എസിന്റ മഹിമ എടുത്തു പറയാൻ തുടങ്ങി. അവർ അച്ചടക്കവും ധീരതയും പ്രകടിപ്പിക്കുന്നതായി അയാൾ ചൂണ്ടിക്കാട്ടി. ഗാന്ധിജി അതിന് കൊടുത്ത മറുപടി ഇങ്ങനെയായിരുന്നു: 'ഹിറ്റ്‌ലറുടെ നാസികളും മുസോളനിയുടെ ഫാസിസ്റ്റുകളും അങ്ങനെത്തന്നെയായിരിന്നു എന്നത് മറക്കേണ്ട.'"

ഫാസിസ്റ്റ് ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന ഭീകരമായ അക്രമങ്ങളും മൗലികാവകാശ ധ്വംസനങ്ങളും നുണപ്രചാരണങ്ങളും അവയ്ക്കെല്ലാം അധികാരം കയ്യാളുന്നവർ നൽകുന്ന പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയും കണ്ടിട്ടും ഇതിനെല്ലാം മുമ്പിൽ വാ തുറക്കാൻ കഴിയാതെ പകച്ചുനിൽക്കുന്ന ആൾക്കൂട്ടമായി മാറരുത് മതനിരപേക്ഷത നാട്ടിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന പാർട്ടികൾ.

മഴ; കാരുണ്യവാന്റെ അനുഗ്രഹ വർഷം 02

# ജലസംരക്ഷണം; വിശ്വാസികളുടെ ബാധ്യത

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840



പറയുക:
നിങ്ങളുടെ വെള്ളം ഭൂമിക്കടിയിലേക്ക്
വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന
തെളിനീര് കൊണ്ടുവന്നു തരിക?"

പ്രപഞ്ചനാഥൻ മനുഷ്യന് കനിഞ്ഞുനൽകിയ അനുഗ്രഹങ്ങളിൽവെച്ച് വിലമതിക്കാനാവാത്തതാണ് ജലം. അത് സംരക്ഷിക്കലും വിശ്വാസികളുടെ ബാധ്യതയാണ്. ജീവന്റെ നിലനിൽപ്പും പ്രകൃതിയുടെ പച്ചപ്പും ഈ സുതാര്യ ദ്രാവകത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ആധുനിക ലോകം കടുത്ത ജലക്ഷാമത്തിലേക്കും ആഗോളതാപനത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ട ത്തിൽ, പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം മുന്നോട്ടുവെച്ച ജലസംരക്ഷണ പാഠങ്ങൾക്ക് പ്രസക്തിയേറുകയാണ്. ജലം കേവലം ഒരു ഭൗതിക വിഭവം മാത്രമല്ല, മറിച്ച് ദൈവത്തിന്റെ സവിശേഷമായ ദൃഷ്ടാന്തവും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട അമാനത്തു(ഏൽപിച്ച സ്വത്ത്)മാണ്. പരിസ്ഥിതി സന്തുലിതാവസ്ഥയുടെ കാതലായ ജലത്തെ എങ്ങനെ സംരക്ഷി

**ഒരു തുള്ളി വെള്ളം പോലും പാഴാക്കുന്നത് പ്രപഞ്ച നാഥനോട് ചെയ്യുന്ന നന്ദികേടാണെന്ന ബോധം ഒരു മുസ്‌ലിമിന്റെയുള്ളിൽ ഉണ്ടാകേണ്ടതുണ്ട്. ഇസ്‌ലാമിക വീക്ഷണത്തിൽ ജലസംരക്ഷണം എന്നത് കേവലമൊരു ഭൗതികമായ ആവശ്യമോ പരിസ്ഥിതി വാദമോ അല്ല, മറിച്ച് അത് പ്രപഞ്ചനാഥനോടുള്ള നന്ദിപ്രകാശനവും കൂടിയാണ്. പരലോകത്ത് അല്ലാഹുവിന്റെ വിചാരണവേളയിൽ ചോദിക്കപ്പെടുന്ന അനുഗ്രഹങ്ങളിൽ ജലവും പെടുമെന്ന് തിരിച്ചറിയുക.**

ക്കണമെന്നും വിനിയോഗിക്കണമെന്നും ഇസ്‌ലാം കൃത്യമായി പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധ ക്വുർആൻ ജലത്തെ ജീവന്റെ ഉറവിടമായാണ് അടയാളപ്പെടുത്തുന്നത്. പ്രപഞ്ചസൃഷ്ടിപ്പിന്റെയും ജൈവഘടനയുടെയും അടിസ്ഥാനം ജലമാണെന്ന് അല്ലാഹു ക്വുർആനിലൂടെ പ്രഖ്യാപിക്കുന്നു:

"ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽനിന്നാണ് സൃഷ്ടിച്ചത്. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (21:30).

മറ്റൊരു സൂക്തത്തിൽ, ജലം ആകാശത്തുനിന്ന് കൃത്യമായ അളവിലാണ് ഭൂമിയിലേക്ക് വർഷിക്കുന്നതെന്നും അതിനെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ ബാധ്യതയാണെന്നും ഓർമിപ്പിക്കുന്നു:

"ആകാശത്തുനിന്ന് നാം ഒരു നിശ്ചയിക്കപ്പെട്ട അളവിൽ വെള്ളം ഇറക്കി. എന്നിട്ട് അതിനെ നാം ഭൂമിയിൽ സംഭരിച്ചു നിർത്തി. തീർച്ചയായും അത് വറ്റിച്ചുകളയാൻ നാം ശക്തനാണ്" (23:18).

ഭൂമിയിലെ ജലചംക്രമണ വ്യവസ്ഥയെക്കുറിച്ചും മഴയുടെ കൃത്യതയെക്കുറിച്ചും ക്വുർആൻ മനുഷ്യനെ ബോധവാനാക്കുന്നു. ഈ അനുഗ്രഹം ഭൂമിയിൽനിന്ന് അപ്രത്യക്ഷമായാൽ മനുഷ്യന്റെ അവസ്ഥ എന്താകുമെന്ന് ക്വുർആൻ നമ്മെ ചിന്തിപ്പിക്കുന്നുണ്ട്:

"പറയുക: നിങ്ങളുടെ വെള്ളം ഭൂമിക്കടിയിലേക്ക് വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന തെളിനീര് കൊണ്ടുവന്നു തരിക?" (67:30).

ഈ വചനങ്ങൾ ജലം കരുതലോടെ ഉപയോഗിക്കാനും അതിന്റെ സ്രോതസ്സുകൾ കാത്തുസൂക്ഷിക്കാനുമുള്ള ശക്തമായ താക്കീതുകൾ കൂടി ഉൾക്കൊള്ളുന്നതാണ്.

### പ്രവാചകാധ്യാപനങ്ങളിലെ മിതത്വത്തിന്റെ പാഠങ്ങൾ

ആരാധനാകർമങ്ങളിൽ പോലും വെള്ളം അനാവശ്യമായി പാഴാക്കരുതെന്ന കർശന നിർദേശമാണ് പ്രവാചകൻ(സ്വ) നൽകിയിട്ടുള്ളത്. ജലവിനിയോഗത്തിൽ മിതത്വം പാലിക്കുന്നതുമായി ബന്ധപ്പെട്ടതും, ജലം ദാനം ചെയ്യുന്നതിന്റെ പുണ്യത്തെക്കുറിച്ചും, ജലാശയങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും വ്യക്തമാക്കുന്ന നിരവധി ഹദീസുകൾ നമുക്ക് കാണാം.

ഒരിക്കൽ സഅ്ദ്(റ) വുദൂഅ് ചെയ്തുകൊണ്ടിരിക്കെ വെള്ളം പാഴാക്കുന്നത് കണ്ട് പ്രവാചകൻ(സ്വ) ചോദിച്ചു: 'എന്താണിത് സഅ്ദ്?' സഅ്ദ്(റ) ചോദിച്ചു: 'വുദൂഇലും ധൂർത്തോ?' പ്രവാചകൻ(സ്വ) പ്രതികരിച്ചു: 'അതെ, നീ ഒഴുകുന്ന ഒരു നദിയുടെ തീരത്താണെങ്കിൽ പോലും (ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കുന്നത്) ധൂർത്താണ്' (ഇബ്നു മാജ)

പ്രവാചകന്റെ ശുദ്ധീകരണ രീതിയെക്കുറിച്ച് അനസ്(റ) പറയുന്നു: "നബി(സ്വ) ഒരു സ്വാഅ് വെള്ളം കൊണ്ട് കുളിക്കുകയും ഒരു മുദ്ദ് വെള്ളം കൊണ്ട് വുദൂഅ് ചെയ്യുകയും ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം). പ്രവാചകന്റെ ഈ കൃത്യത ജലം ഒട്ടും പാഴാക്കരുത് എന്നതിന്റെ വലിയ പാഠമാണ്

### ജലദാനത്തിന്റെ മഹത്ത്വം

സഅ്ദ് ബിൻ ഉബാദ(റ) പ്രവാചകനോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ ഉമ്മ മരണപ്പെട്ടിരിക്കുന്നു. അവർക്ക് വേണ്ടി ഞാൻ ചെയ്യുന്ന ഏത് സ്വദക്വയാണ് (ദാനം) ഏറ്റവും ഉത്തമം?'' പ്രവാചകൻ(സ്വ) മറുപടി നൽകി: "വെള്ളം കുടിക്കാൻ നൽകലാണ് (ജലദാനം)" (അബൂദാവൂദ്, നസാഈ). തുടർന്ന് സഅ്ദ്(റ) ജനങ്ങൾക്ക്

കുടിവെള്ളത്തിനായി ഒരു കിണർ കുഴിക്കുകയും അത് തന്റെ ഉമ്മയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

പ്രവാചകൻ(സ്വ) പറഞ്ഞു: "യാത്രാ മധ്യേ കഠിനമായ ദാഹത്താൽ വലഞ്ഞ ഒരു മനുഷ്യൻ ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ചു. തിരിച്ചു കയറിയപ്പോൾ ദാഹം കൊണ്ട് മണ്ണുനക്കുന്ന ഒരു നായയെ അയാൾ കണ്ടു. ആ മനുഷ്യൻ തന്റെ ബൂട്സിൽ വെള്ളം നിറച്ച്, അത് വായകൊണ്ട് കടിച്ചുപിടിച്ച് മുകളിൽ കയറി ആ നായക്ക് കുടിക്കാൻ നൽകി. അല്ലാഹു അവന്റെ പ്രവർത്തനം സ്വീകരിക്കുകയും അവന് പാപമോചനം നൽകുകയും ചെയ്തു." സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, മൃഗങ്ങൾക്ക് വെള്ളം കൊടുക്കുന്നതിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?" പ്രവാചകൻ(സ്വ) പറഞ്ഞു: "അതെ, ജീവനുള്ള എല്ലാ ജീവികൾക്ക് വെള്ളം നൽകുന്നതിലും പ്രതിഫലമുണ്ട്" (ബുഖാരി).

### ജലസ്രോതസ്സുകളുടെ സംരക്ഷണവും ശുചിത്വവും

പൊതു ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ പ്രവാചകൻ ശക്തമായി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: "ശാപത്തിന് കാരണമാകുന്ന മൂന്ന് കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക: ജലസ്രോതസ്സുകളിലും പൊതുവഴികളിലും ജനങ്ങൾ തണൽ കൊള്ളുന്ന ഇടങ്ങളിലും മലമൂത്രവിസർജനം നടത്തൽ" (അബൂദാവൂദ്).

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: "നിങ്ങളിലാരും കെട്ടിക്കിടക്കുന്ന, ഒഴുക്കില്ലാത്ത വെള്ളത്തിൽ മൂത്രമൊഴിക്കരുത്; പിന്നീട് അതിൽ നിന്ന് തന്നെ കുളിക്കേണ്ടി വന്നേക്കാം" (ബുഖാരി).



പ്രവാചകന്റെ അനുചരന്മാരായ സ്വഹാബികൾ ജലസംരക്ഷണത്തിലും ജലവിതരണത്തിലും അതുല്യമായ മാതൃകകളാണ് ലോകത്തിന് സമർപ്പിച്ചത്. പ്രവാചകനിൽനിന്ന് പഠിച്ച പാഠങ്ങൾ അവർ പ്രായോഗിക ജീവിതത്തിൽ അക്ഷരംപ്രതി നടപ്പിലാക്കി.

### റൂമ കിണർ

മദീനയിലേക്ക് ഹിജ്റ പോയ കാലത്ത് മുസ്‌ലിംകൾ കടുത്ത കുടിവെള്ളക്ഷാമം നേരിട്ടു. 'റൂമ' എന്ന ശുദ്ധജല കിണർ ഒരു ജൂതന്റെ ഉടമസ്ഥതയിലായിരുന്നു. അവൻ വലിയ വില ഈടാക്കിയാണ് മുസ്‌ലിംകൾക്ക് വെള്ളം വിറ്റിരുന്നത്. ഇത് ദരിദ്രരായ ജനങ്ങൾക്ക് താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. ഇതറിഞ്ഞ പ്രവാചകൻ(സ്വ) സദസ്സിൽ വെച്ച് പറഞ്ഞു: 'ആരാണോ റൂമ കിണർ വാങ്ങി മുസ്‌ലിംകൾക്കായി വക്ഫ് ചെയ്യുന്നത് (ദാനം ചെയ്യുന്നത്), അവർക്ക് പരലോകത്ത് സ്വർഗത്തിലെ തടാകമുണ്ട്.' ഇതു കേട്ട ഉസ്മാൻ ബിൻ അഫ്ഫാൻ(റ) വലിയ വിലയ്ക്ക് ആ കിണറിന്റെ പകുതി അവകാശവും പിന്നീട് മുഴുവൻ അവകാശവും വാങ്ങി. തുടർന്ന് അദ്ദേഹം അത് മദീനയിലെ മുഴുവൻ ജനങ്ങൾക്കുമായി (മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും) സൗജന്യമായി തുറന്നുകൊടുക്കുകയും ചെയ്തു.

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് 'ശുദ്ധജലക്ഷാമം' ആണ്. നദികൾ മലിനമാക്കപ്പെടുന്നു, ഭൂഗർഭ ജലനിരപ്പ് താഴുന്നു, കാടുകൾ നശിപ്പിക്കപ്പെടുന്നതിലൂടെ മഴയുടെ അളവ് കുറയുന്നു. ഇവിടെയാണ് ഇസ്‌ലാം പഠിപ്പിച്ച 'ഇസ്റാഫ്' (ധൂർത്ത്) എന്ന തിന്മക്കെതിരെയുള്ള പോരാട്ടം പ്രസക്തമാകുന്നത്. ഖുർആൻ പറയുന്നു:

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക; എന്നാൽ ധൂർത്ത് കാണിക്കരുത്. തീർച്ചയായും ധൂർത്തടിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (സൂറത്തുൽ അഅ്റാഫ്: 31)

ഒരു തുള്ളി വെള്ളം പോലും പാഴാക്കുന്നത് പ്രപഞ്ചനാഥനോട് ചെയ്യുന്ന നന്ദികേടാണെന്ന ബോധം ഒരു മുസ്‌ലിമിന്റെയുള്ളിൽ ഉണ്ടാകേണ്ടതുണ്ട്.

ഇസ്‌ലാമിക വീക്ഷണത്തിൽ ജലസംരക്ഷണം എന്നത് കേവലമൊരു ഭൗതികമായ ആവശ്യമോ പരിസ്ഥിതി വാദമോ അല്ല, മറിച്ച് അത് പ്രപഞ്ചനാഥനോടുള്ള നന്ദിപ്രകാശനവും കൂടിയാണ്. പരലോകത്ത് അല്ലാഹുവിന്റെ വിചാരണവേളയിൽ ചോദിക്കപ്പെടുന്ന അനുഗ്രഹങ്ങളിൽ ജലവും പെടുമെന്ന് തിരിച്ചറിയുക.

# പ്രതിസന്ധികളിൽ തളരാതിരിക്കുക

ഹാരിസ് ബിൻ സലീം

പലപ്പോഴും നാം ഉദ്ദേശിക്കുന്നതിന് വിപരീതമായി നമ്മുടെ പെരുമാറ്റങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാറുണ്ട്. ഉദാഹരണത്തിന്, മക്കളോട് ഏറ്റവും സ്നേഹത്തോടെ പെരുമാറേണ്ട മാതാവ് ചിലപ്പോൾ അവരോട് ദേഷ്യപ്പെട്ടേക്കാം. അധ്യാപകർ വിദ്യാർഥികളോടും മേലുദ്യോഗസ്ഥർ കീഴ്ജീവനക്കാരോടും പരുഷമായി പെരുമാറുന്നതിനും കാരണങ്ങൾ മറ്റൊന്നല്ല. ഇതിനു പിന്നിൽ വ്യക്തികളുടെ സ്വഭാവദൂഷ്യത്തെക്കാളുപരി, അവർ അനുഭവിക്കുന്ന മാനസിക സമ്മർദങ്ങളും സംഘർഷങ്ങളുമാണ് പ്രകടമാകുന്നത്. ആത്മനിയന്ത്രണം നഷ്ടപ്പെടുമ്പോഴാണ് മറ്റുള്ളവരോട് മാന്യമായി പെരുമാറാൻ നമുക്ക് സാധിക്കാതെ വരുന്നത്.

ഏറ്റവും വലിയ ഏകാധിപതിയും ക്രൂരനുമായ ഫിർഔന്റെ അടുത്തേക്ക് പോകാൻ അല്ലാഹു മൂസാ നബി(അ)യോട് കൽപിക്കുന്നുണ്ട്. ഫിർഔന്റെ ക്രൂരതകളെക്കുറിച്ച് വ്യക്തമായി അറിയാമായിരുന്ന മൂസാ നബി(അ) അല്ലാഹുവിനോട് ആദ്യം പ്രാർഥിച്ചത്, 'എന്റെ നാഥാ, എനിക്ക് നീ ഹൃദയവിശാലത നൽകേണമേ' എന്നാണ്. മറ്റുള്ളവരിൽനിന്ന് ഉണ്ടാകുന്ന പ്രതികൂലമായ വാക്കുകളെയും പ്രവൃത്തികളെയും സമനില കൈവിടാതെ നേരിടാൻ ഹൃദയവിശാലത അനിവാര്യമാണ്. പ്രതിസന്ധികളെ ഉൾക്കൊള്ളാനും വിട്ടുവീഴ്ച ചെയ്യാനും സാധിക്കുന്നില്ലെങ്കിൽ നമുക്ക് മറ്റുള്ളവരോട് നല്ലനിലയിൽ പെരുമാറാൻ സാധിക്കില്ല. മുഹമ്മദ് നബി(സ്വ)യോട് അല്ലാഹു കൽപിച്ചതും സൗമ്യമായി പെരുമാറാനാണ്. ശത്രുക്കളുടെ കടുത്ത പ്രതികരണങ്ങൾക്ക് മുന്നിലും നബി(സ്വ) തന്റെ വിട്ടുവീഴ്ചയോടെയുള്ള പെരുമാറ്റത്തിൽ വീഴ്ച വരുത്തിയിരുന്നില്ല.

മാനസിക സമ്മർദങ്ങൾ ഇല്ലാത്തവരായി ആരുമില്ല. ചിലപ്പോൾ നിസ്സാരമായ പ്രശ്നങ്ങളെ പർവതീകരിച്ച് ചിന്തിക്കുമ്പോഴാണ് മനസ്സ് അസ്വസ്ഥമാകുന്നത്. ഇത്തരം ഘട്ടങ്ങളിൽ വിശുദ്ധ ക്വുർആനിലെ വചനങ്ങൾ നമുക്ക് വലിയ ആശ്വാസമാണ് നൽകുക. പ്രയാസങ്ങളെ ഒരു ബാധ്യതയായി കാണുന്നതിന് പകരം, അവയെ ആശ്വാസത്തിലേക്കുള്ള മുന്നോടിയായി കാണാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. 'തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്' എന്ന് അല്ലാഹു ക്വുർആനിലൂടെ പറഞ്ഞുതരുന്നുണ്ട്. മനുഷ്യർക്ക് താങ്ങാൻ കഴിയുന്ന പരീക്ഷണങ്ങൾ മാത്രമെ അല്ലാഹു നൽകുകയുള്ളൂ.

ആഗ്രഹിക്കുന്ന കാര്യങ്ങൾ നടക്കാതെ വരുമ്പോൾ നാം നിരാശപ്പെടാറുണ്ട്. എന്നാൽ, 'നിങ്ങൾക്ക് അറിയാത്തത് എനിക്കറിയാം' എന്നാണ് അല്ലാഹു പറയുന്നത്. നാം വെറുക്കുന്ന ഒരു കാര്യം നമുക്ക് ഗുണകരമായേക്കാം; അതുപോലെ നാം അതിയായി ആഗ്രഹിക്കുന്ന കാര്യം നമുക്ക് ദോഷകരമായേക്കാം. അതിനാൽ, ഏത് പ്രതിസന്ധിയിലും അല്ലാഹുവിന്റെ തീരുമാനത്തിൽ തൃപ്തിയടയുക എന്നതാണ് പ്രധാനം. പ്രതിസന്ധികളിൽ മനുഷ്യൻ ഒറ്റയ്ക്കാണെന്ന ചിന്തയാണ് അവനെ നിരാശയിലേക്ക് തള്ളിവിടുന്നത്. എന്നാൽ 'എന്റെ അടിമകൾ എന്നെക്കുറിച്ച് ചോദിച്ചാൽ, ഞാൻ അവരുടെ അടുത്തുണ്ട് എന്ന് പറയുക' എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്. ഏകാന്തതയിലും വിഷമഘട്ടങ്ങളിലും അല്ലാഹു നമ്മുടെ കൂടെയുണ്ട്; നമ്മുടെ സങ്കടങ്ങൾ അവനോട് പറയുക.

വിഷാദവും നിരാശയും ഒരു വിശ്വാസിക്ക് യോജിച്ചതല്ല. പിശാചാണ് മനുഷ്യനെ നിരാശയിലേക്ക് നയിക്കുന്നത്. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് പൂർണ ബോധ്യമുള്ള ഒരാൾക്ക് ഒരിക്കലും ആശ കൈവിടാൻ കഴിയില്ല. പാപങ്ങൾ ചെയ്തുപോയാൽ പോലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടരുതെന്ന് ക്വുർആൻ ഓർപ്പെടുത്തുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകളിൽ (ദിക്റുകളിൽ) നിന്ന് അകലുമ്പോഴാണ് നിസ്സാര പ്രശ്നങ്ങൾ പോലും ഭീകരമായി തോന്നുന്നത്. 'അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയാണ് ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുന്നത്' എന്നാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ഏറ്റവും അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ നമ്മെ നിരാശപ്പെടുത്തിയേക്കാം. അവരല്ല നമ്മുടെ യഥാർഥ രക്ഷകർ, മറിച്ച് അല്ലാഹുവാണ് എന്ന തിരിച്ചറിവ് ഇത്തരം ഘട്ടങ്ങളിൽ ഉണ്ടാകണം. ■



# ഇസ്‌ലാമിക സ്വത്വം മറച്ചുവെക്കേണ്ടതോ?

ടി.കെ അശ്‌റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

**ഭരണാധികാരികളുടെയും ഭൂരിപക്ഷത്തിന്റെയും മുന്നിൽ സ്വന്തം മതചിഹ്നങ്ങളും ആചാരങ്ങളും വെളിപ്പെടുത്താതെ, അണപ്പല്ല് കടിച്ചുപിടിച്ച് ചിരിക്കുന്ന കപട ഭക്തരല്ല; സ്വന്തം വിശ്വാസത്തിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ അപരനും അതിനവകാശമുണ്ടെന്നും ആ അവകാശപ്പോരാട്ടത്തിൽ അവരോടൊപ്പമുണ്ടെന്നും പ്രസ്താവിക്കുന്നവരാവണം മതനിരപേക്ഷതയെ അംഗീകരിക്കുന്നവർ.**

ഒരു സുപ്രഭാതത്തിൽ യാദൃച്ഛികമായല്ല മനുഷ്യൻ തന്റെ ആദർശത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും പടിയിറങ്ങിപ്പോകുന്നത്. അത് തികച്ചും ക്രമേണയുള്ള ഒരു പ്രക്രിയയാണ്. നമ്മൾ അറിയുക പോലും ചെയ്യാത്ത വിധം, നിശ്ശബ്ദമായി നമ്മുടെ ഉള്ളിലെ ആദർശബോധം ചോർന്നുപോയേക്കാം. അങ്ങനെയുള്ള കറുത്ത നാളുകളിലൂടെയാണ് ആധുനിക മുസ്‌ലിം സമൂഹം കടന്നുപോകുന്നത്.

ഈയൊരു അപചയത്തിന്റെ മനഃശാസ്ത്രത്തെയും ഭയത്തിന്റെ നിഴലിൽ സ്വന്തം സ്വത്വം ഒളിച്ചുവെക്കാൻ ശ്രമിക്കുന്നവരുടെ ആത്മീയ ശൂന്യതയെയും വിശുദ്ധ പ്രമാണങ്ങളുടെ വെളിച്ചത്തിൽ നാം ഗൗരവപൂർവം പുനർവിചാരണ ചെയ്യേണ്ടതുണ്ട്.

**അസ്തിത്വം മറച്ചുവെക്കുന്നതിനു പിന്നിൽ?**

“അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാകുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തവനെക്കാൾ ഉത്തമമായ വാക്ക് പറയുന്നവൻ ആരുണ്ട്’ എന്ന ഖുർആനിന്റെ ചോദ്യം ഓരോ സത്യവിശ്വാസിയുടെയും മനസ്സിൽ അഭിമാനബോധം നിറക്കേണ്ടതാണ്. എന്നാൽ സമകാലിക സമൂഹത്തിൽ, താനൊരു മുസ്‌ലിമല്ലെന്ന് മറ്റുള്ളവർക്ക് തോന്നിക്കാൻ എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യാൻ ചിലരെങ്കിലും വ്യഗ്രതപ്പെടുന്നത് നാം കാണുന്നു.

ഇസ്‌ലാമിക ചിഹ്നങ്ങൾ സ്വീകരിക്കുന്നതിലെ മടിയിലും വേഷവിധാനങ്ങളിൽ വരുത്തുന്ന വിട്ടുവീഴ്ചകളിലുമൊക്കെ അത് പ്രകടമാകുന്നു. ‘നല്ല മുസ്‌ലിം’ എന്നും ‘ചീത്ത മുസ്‌ലിം’ എന്നുമുള്ള പുതിയ ബൈനറികൾ വരുന്നത് ഈ പശ്ചാത്തലത്തിലാണ്. താൻ നാമമാത്രമായ ഒരു മുസ്‌ലിമായി ജീവിക്കുന്നവൻ മാത്രമാണെന്ന് സമൂഹമധ്യെ വരുത്തിത്തീർക്കാനും, ഇസ്‌ലാം ഉപേക്ഷിച്ചാൽ പോലും ‘മുൻ മുസ്‌ലിം’ (Ex-Muslim) എന്ന ലേബലിൽ അറിയപ്പെടാനും ചിലർ കാണിക്കുന്ന ഈ ആവേശം ഭയപ്പെടുത്തുന്നതാണ്.

**മനഃശാസ്ത്രപരമായ ഘടകങ്ങൾ**

ഈയൊരു പ്രതിസന്ധിയിലേക്ക് ആധുനിക തലമുറയെ നയിക്കുന്ന പ്രധാന ഘടകങ്ങൾ പലതാണ്. ഭൂരിപക്ഷ സംസ്കാരത്തിന് മുന്നിൽ സ്വന്തം വിശ്വാസവും ആചാരങ്ങളും അപരിഷ്കൃതമാണെന്ന തെറ്റായ ധാരണയിൽനിന്നുമുണ്ടാകുന്ന അപകർഷബോധമാണ് ഇതിൽ ഒന്നാമത്തേത്. ചുറ്റുമുള്ള വിദ്വേഷ പ്രചാരണങ്ങളെയും ഇസ്‌ലാമോഫോബിയയെയും കൃത്യമായ അറിവോടെ പ്രതിരോധിക്കാൻ കഴിയാതെ വരുമ്പോൾ ഉണ്ടാകുന്ന പതർച്ചയാണ് മറ്റൊന്ന്.

അതിതീവ്ര മതേതരത്വം (Ultra Secularism) അഭിനയിച്ചാൽ മാത്രമെ രാജ്യത്ത് ജീവിക്കാനും അംഗീകാരം നേടാനും സാധിക്കൂ എന്ന തെറ്റായ തോന്നലും ഇതിന് കാരണമാകുന്നു. മതത്തിന്റെ അതിർവരമ്പുകൾ പാലിക്കാതെ സ്വന്തം താൽപര്യങ്ങൾക്കും ഇച്ഛകൾക്കുമനുസരിച്ച് ജീവിക്കാൻ ന്യായീകരണങ്ങൾ കണ്ടെത്താൻ പലരും ശ്രമിക്കുന്നു. മതത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനമില്ലായ്മയും അടിസ്ഥാനപരമായ അറിവില്ലായ്മയുമാണ് ഈ ആത്മവീര്യ ചോർച്ചയ്ക്ക് പിന്നിലെ പ്രധാന കാരണം.

**പൊരുത്തപ്പെടലുകളും സമകാലിക വേട്ടയാടലുകളും**

“യഹൂദർക്കോ നസ്വാറാക്കൾക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നത് വരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നു കിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽ നിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല” (ഖുർആൻ 2:120).

മറ്റുള്ളവരുടെ തൃപ്തിക്കുവേണ്ടി സന്ദർഭാനുസരണം ഇസ്‌ലാമികാദർശത്തെയും സംസ്കാരത്തെയും കൈയൊഴിക്കരുത് എന്നാണ് ഈ സൂക്തം അറിയിക്കുന്നത്. വിമർശകരെ തൃപ്തിപ്പെടുത്താൻ വേണ്ടി തങ്ങളുടെ വിശ്വാസങ്ങളിൽനിന്നും കർമങ്ങളിൽനിന്നും മാറിനിൽക്കാൻ പലരും ശ്രമിക്കുന്ന കാഴ്ചയാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ, നാം എത്ര മാറിക്കൊടുത്താലും അവർ ആക്ഷേപം നിർത്തുകയില്ല; ‘ഇസ്‌ലാമിക പേര്’ എന്ന അവസാന അടയാളം കൂടി അഴിച്ചുവെക്കുന്നത് വരെ ഈ വേട്ടയാടൽ തുടരുക തന്നെ ചെയ്യും.

ഇതിന്റെ ഏറ്റവും വലിയ സമകാലിക ഉദാഹരണമാണ് സാംസ്കാരിക പ്രവർത്തകൻ കെ.ഇ.എൻ കുഞ്ഞഹമ്മദിനെതിരെ ഉയർന്നിരിക്കുന്ന വിവാദങ്ങൾ. അതിനു സമാനമായാണ് ഒരു സിനിമാ നടിക്കെതിരെയുള്ള ജിഹാദി ആരോപണം.

**ഇസ്‌ലാമോഫോബിയയെ എതിർക്കേണ്ടത് വിമർശകരുടെ താൽപര്യമനുസരിച്ച് മാറിക്കൊടുത്തുകൊണ്ടല്ല. യഥാർഥ ഇസ്‌ലാം എന്താണെന്ന് സ്വന്തം ജീവിതത്തിലൂടെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഇച്ഛാശക്തിയാണ് ഇന്നത്തെ മുസ്‌ലിം സമുദായത്തിനുണ്ടാകേണ്ടത്. സമുദായത്തിന്റെ നേതൃനിരയിൽ ഇരിക്കുന്നവർ പ്രത്യേകിച്ചും ഇക്കാര്യം ശ്രദ്ധിക്കണം. തന്റെ വിശ്വാസത്തിലുള്ള ആത്മാഭിമാനം അടിയറവെച്ചുകൊണ്ട് ജീവിച്ചാൽ ഒടുവിൽ അപമാനമായിരിക്കും വന്നുഭവിക്കുക എന്ന കാര്യം ഓർക്കണം.**

ഇത്രയും കാലം ഇടതുപക്ഷ സഹയാത്രികനായി ജീവിച്ച വ്യക്തിയാണ് കെ.ഇ.എൻ കുഞ്ഞഹമ്മദ്. ഒരു സെമിനാറിന്റെ നോട്ടീസിൽ ആ കെ.ഇ.എന്നിന്റെ പേര് കാണുമ്പോൾ ഇടതുപക്ഷ ചിന്താഗതിക്കാർ പോലും അസ്വസ്ഥപ്പെടുന്നു എന്നത് ഇന്നത്തെ ഭീതിദമായ സാഹചര്യത്തെയാണ് കാണിക്കുന്നത്. മുസ്‌ലിം നാമധാരികളെപ്പോലും ജിഹാദികളായും വിനാശകാരികളായും മുദ്രകുത്തുന്ന ആധുനിക സിനിമകളും ഈ യാഥാർഥ്യത്തിന് അടിവരയിടുന്നു. ഏറ്റവും ഒടുവിലെ അഭിമുഖത്തിൽ കെ.ഇ.എൻ തന്നെ വ്യക്തമാക്കുന്നത് പോലെ, മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പാർശ്വവൽകരിക്കപ്പെട്ടവർ മർദിത വിഭാഗമാണെന്ന് തുറന്നുപറയേണ്ടത് ഇന്നൊരു അനിവാര്യതയായി മാറിയിരിക്കുകയാണ്. ഇത്രമേൽ ഇസ്‌ലാമികമായ കാര്യങ്ങളിൽനിന്ന് അകന്നു സഞ്ചരിച്ചിട്ടും കേവലം 'പേരിന്റെ പേരിൽ' മാത്രം ഇവർ വേട്ടയാടപ്പെടുന്നു എങ്കിൽ ഒന്നു മനസ്സിലാക്കുക; മുൻവിധികളോടെ നിങ്ങളെ വളയുന്ന ശക്തികൾക്ക് മുന്നിൽ നിങ്ങൾ ചെയ്യുന്ന ഒരു വിട്ടുവീഴ്ചയും പര്യാപ്തമല്ല!

'ജീവിച്ചു പോകേണ്ടേ, കാര്യങ്ങൾ നടക്കേണ്ടേ, ജനങ്ങളെ വെറുപ്പിച്ചാൽ പ്രശ്നമല്ലേ...' എന്നൊക്കെന്യായങ്ങൾ നിരത്തി അല്ലാഹുവിന്റെ ദീനിൽ വിട്ടുവീഴ്ച ചെയ്യുന്നവർ പ്രവാചകന്റെ വലിയ താക്കീത് ഓർക്കേണ്ടതുണ്ട്:

'ജനങ്ങളുടെ കോപം വകവെക്കാതെ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുന്നവന് ജനങ്ങളിൽ നിന്നുള്ള പ്രയാസങ്ങൾക്ക് അല്ലാഹുമതിയാകും; എന്നാൽ അല്ലാഹുവിനെ കോപിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പ്രീതി ആഗ്രഹിക്കുന്നവനെ അല്ലാഹു ആ ജനങ്ങളിലേക്ക് തന്നെ ഏൽപിച്ചുകളയുന്നതാണ്.'

കാര്യങ്ങൾ ശരിയായി അറിയുമെന്നിരിക്കെ നാം സ്വാർഥ താൽപര്യങ്ങൾക്ക് കീഴടങ്ങിയാൽ, 'അറിവ് ലഭിച്ചതിന് ശേഷം അവരുടെ ഇച്ഛകളെ താങ്കൾ പിന്തുടരുന്ന പക്ഷം അല്ലാഹുവിൽനിന്ന് യാതൊരു രക്ഷാധികാരിയോ സഹായിയോ താങ്കൾക്കുണ്ടാകില്ലെ'ന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ടെന്ന കാര്യം ഓർക്കുക.

### പൊങ്ങുതടിയായി മാറും മുമ്പ്

ഇസ്‌ലാമോഫോബിയയെ എതിർക്കേണ്ടത് വിമർശകരുടെ താൽപര്യമനുസരിച്ച് മാറിക്കൊടുത്തുകൊണ്ടല്ല. യഥാർഥ ഇസ്‌ലാം എന്താണെന്ന് സ്വന്തം ജീവിതത്തിലൂടെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഇച്ഛാശക്തിയാണ് ഇന്നത്തെ മുസ്‌ലിം സമുദായത്തിനുണ്ടാകേണ്ടത്. സമുദായത്തിന്റെ നേതൃനിരയിൽ ഇരിക്കുന്നവർ പ്രത്യേകിച്ചും ഇക്കാര്യം ശ്രദ്ധിക്കണം. തന്റെ വിശ്വാസത്തിലുള്ള ആത്മാഭിമാനം അടിയറവെച്ചുകൊണ്ട് ജീവിച്ചാൽ ഒടുവിൽ അപമാനമായിരിക്കും വന്നുഭവിക്കുക എന്ന കാര്യം ഓർക്കണം. വാർധക്യത്തിന്റെ അവശത പിടികൂടുകയും സ്ഥാനമാനങ്ങൾ ഇല്ലാതാവുകയും ചെയ്താൽ ഒന്നുമല്ലാത്ത ഒരു പൊങ്ങുതടിയായി നമ്മൾ അവശേഷിക്കും. നാളെ ഖബ്റിൽ കിടക്കേണ്ടിവരിക തനിച്ചായാണ്. പാർട്ടിയോ അനുയായികളോ സോഷ്യൽ മീഡിയയിലെ ലൈക്കുകളോ കമന്റുകളോ ഒന്നും അവിടെ തുണയാവില്ല. പരലോക ബോധത്തോടെ, വിട്ടുവീഴ്ചയില്ലാത്ത ആദർശ ദൃഢതയോടെ സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കുക. ആര് എന്തു പറഞ്ഞാലും അത് ഒരു വിശ്വാസിയെ അസ്വസ്ഥപ്പെടുത്താൻ പാടില്ലാത്തതാണ്.

ഈയൊരു പശ്ചാത്തലത്തിൽ കെ.ഇ.എന്നിനോട് ഗുണകാംക്ഷാപരമായ ഒരു അഭ്യർഥനയുണ്ട്: സ്രഷ്ടാവ് താങ്കൾക്ക് വലിയ ഓർമശക്തിയും ബുദ്ധിശക്തിയും ചിന്താശേഷിയും അനുഗ്രഹിച്ചു തന്നിട്ടുണ്ട്. അതിശക്തമായൊരു തൂലികയും മനുഷ്യഹൃദയങ്ങളിലേക്ക് തുളച്ച് കയറുന്നവിധം മൂർച്ചയുള്ള സംസാര വൈഭവവുമുണ്ട്. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നിറഞ്ഞ് നിൽക്കുന്ന താങ്കൾക്ക് ഈ കാര്യങ്ങൾ മറ്റാരെക്കാളും വേഗത്തിൽ ഉൾക്കൊള്ളാനാകും. താങ്കളുടെ പഴയ കൃതികളും ഇപ്പോഴത്തെ നിരീക്ഷണങ്ങളും താരതമ്യം ചെയ്യുമ്പോൾ ജീവിത യാഥാർഥ്യങ്ങളിലേക്ക് താങ്കൾ കടന്നുവരുന്നതിന്റെ ഒരു വെള്ളിവെളിച്ചം മിന്നിമറിയുന്നുണ്ട്. ജീവിതത്തിന്റെ ഈ സായംസന്ധ്യയിൽ ഒരു പുനരാലോചന നടത്തുന്നത് ഏറെ നന്നായിരിക്കും. ആർക്കുവേണ്ടിയാണോ ഇത്രയും കാലം താങ്കൾ പേനയെടുത്തതും നാവ് ചലിപ്പിച്ചതും, അവരൊന്നും പ്രതിസന്ധിയിൽ താങ്കളുടെ കൈപിടിക്കാൻ ഉണ്ടായിക്കൊള്ളണമെന്നില്ല.



**ഭരണാധികാരികളുടെയോ ഭൂരിപക്ഷത്തിന്റെയോ ഫാസിസ്റ്റ് മനോഭാവക്കാരുടെയോ മുന്നിൽ സ്വന്തം മതചിഹ്നങ്ങളും ആചാരങ്ങളും ഒളിച്ചുവെക്കുന്നതിലല്ല, മറിച്ച് പ്രതിസന്ധികളിലും 'ഞാൻ അഭിമാനിയായ മുസ്‌ലിമാണ്' എന്ന് ജീവിതംകൊണ്ട് തെളിയിക്കുന്നതിലാണ് വിജയം. അങ്ങനെ നിലകൊണ്ടു തന്നെ ഇതര മതസ്ഥരുമായി സൗഹാർദത്തിലും സ്നേഹത്തിലും കഴിയാൻ സാധിക്കുക എന്നതാണ് മുൻഗാമികൾ കാണിച്ചുതന്ന മാതൃക.**

'മനുഷ്യന്റെ ആമാശയം നിറഞ്ഞാൽ മാത്രം അവന്റെ ആവശ്യങ്ങൾ അവസാനിക്കുന്നില്ല; അവന്റെ ആത്മാവിന്റെ പ്രശ്നങ്ങൾക്ക് കൂടി പരിഹാരം വേണമെന്ന കാഴ്ച്ചപ്പാടിനെ നാം പിന്തുണക്കണ'മെന്ന് ഒരു അഭിമുഖത്തിൽ അനുഭവസാക്ഷ്യത്തിലൂടെ താങ്കൾ വിശദീകരിച്ച് കണ്ടു. ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്ക് നൽകാൻ കഴിയാത്ത ആ ഉത്തരം മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആനിലുണ്ട്. താങ്കൾ ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്ന പുതിയ ബോധ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് ഖുർആൻ ഒന്നുകൂടി വായിച്ചാൽ വലിയ തിരിച്ചറിവുകൾ താങ്കളെ തേടിയെത്താതിരിക്കില്ല.

ജീവിതത്തിന്റെ നല്ലൊരു ഭാഗം നിരീശ്വരവാദം പ്രചരിപ്പിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തുകയും ശേഷം ഖുർആൻ സ്വയം പഠിച്ച് അതിന്റെ വലിയൊരു പ്രചാരകനും മതസംഘടനയുടെ അമരക്കാരനുമായി മാറിയ ഡോ. ഉസ്മാൻ സാഹിബിനെ താങ്കൾക്ക് ഓർമയുണ്ടാകും. സൗമ്യനായ ഒരു ഡോക്ടർ, സമുദായ പരിഷ്കർത്താവ് എന്നീ നിലകളിൽ നാടിന്റെയും സമുദായത്തിന്റെയും പ്രാർഥനകൾ ഏറ്റുവാങ്ങിയാണ് അദ്ദേഹം ലോകത്തുനിന്നും വിടപറഞ്ഞത്.

### സമയം ഇനിയും വൈകിയിട്ടില്ല!

പ്രഭാതത്തിൽ നാം കണ്ണ് ഇറുക്കിച്ചിമ്മിയാലും ബെഡ്റൂമിന്റെ മുഴുവൻ ജനവാതിലുകൾ കൊട്ടിയടച്ചാലും സൂര്യൻ ഉദിക്കാതിരിക്കുകയില്ല. അതുപോലെ നാം എത്ര നിഷേധിച്ചാലും മര

**നമ്മുടെ രാജ്യത്ത് ഏതൊരാൾക്കും ഏതു മതത്തിലും വിശ്വസിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. അത് പ്രഖ്യാപിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യാം. എന്റെ പാർട്ടിയാണ് ശരി എന്നോ എന്റെ മതമാണ് ശരി എന്നോ പറയാനും അവകാശമുണ്ട്. അതിൽ അപര വിദ്വേഷമോ വെറുപ്പോ ഇല്ല. മറ്റുള്ളതൊന്നും ഇവിടെ പാടില്ല എന്നോ ഞങ്ങൾക്ക് മാത്രമാണ് ഇവിടെ അവകാശങ്ങളുള്ളതെന്നോ പറയുന്നതാണ് പ്രശ്നം. അങ്ങനെ മുസ്‌ലിംകളാരും പറയാറില്ല.**

ണശേഷമുള്ള പരലോകം സംഭവിക്കാതിരിക്കില്ല. നാം നിഷേധിച്ച പരലോകത്ത് നാം എഴുന്നേറ്റു വരികതന്നെ ചെയ്യും.

"അവർ നരകത്തിങ്കൽ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! അപ്പോൾ അവർ പറയും: 'ഞങ്ങൾ (ഇഹലോകത്തേക്ക്) ഒന്നു തിരിച്ചയക്കപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എങ്കിൽ ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയാതിരിക്കുകയും ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാവുകയും ചെയ്യുമായിരുന്നു" (ഖുർആൻ 6:27).

അത് ഉപകാരപ്പെടാത്ത വിലാപമായിരിക്കും. അവിടെനിന്നും ഇഹലോകത്തേക്കൊരു മടക്കം ഒരിക്കലുമുണ്ടാകില്ല.

തങ്ങളുടെ നാഥനെ നിഷേധിച്ചവർക്ക് നരകശിക്ഷയാണുള്ളതെന്നും, അതിലേക്ക് എറിയപ്പെടുമ്പോൾ അതൊരു ഗർജനം പുറപ്പെടുവിക്കുന്നത് അവർ കേൾക്കുമെന്നും, നിങ്ങളുടെ അടുത്ത് ഒരു താക്കീതുകാരൻ വന്നിരുന്നില്ലേ എന്ന് കാവൽക്കാർ ചോദിക്കുമ്പോൾ അവർ അത് സമ്മതിക്കുമെന്നും ഖുർആൻ ഓർമിപ്പിക്കുന്നുണ്ട് (67: 6-9).

ചിന്താശേഷി ഉപയോഗപ്പെടുത്താതെ ആയുസ്സ് വൃഥാ ചെലവഴിച്ചത് ചോദിക്കപ്പെടുന്ന കാര്യമാണ്:

"അവർ അവിടെ വെച്ച് മുറവിളികൂട്ടും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ പുറത്തയക്കണമേ. (മുമ്പ്) ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഞങ്ങൾ സൽകർമം ചെയ്തുകൊള്ളാം. (അപ്പോൾ നാം പറയും:) ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ? താക്കീതുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് യാതൊരു സഹായിയുമില്ല" (35:37).

### തിരിച്ചറിവ് അനിവാര്യം

മതപരമായ അസ്തിത്വം നിലനിർത്തുന്നതിലുള്ള അപകർഷബോധം നീങ്ങാൻ ചില തിരിച്ചറിവുകൾ അനിവാര്യമാണ്.

ഒന്നാമതായി, ഇസ്‌ലാമാണ് ശരിയെന്ന ഉറച്ച ബോധ്യമുണ്ടാകണം: "സൻമാർഗവും സത്യമതവും കൊണ്ട്-എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി" (61:9).

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു"(3:19).

"ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85).

രണ്ടാമതായി, പ്രതാപവും അംഗീകാരവും മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിച്ചാൽ നാം നിന്ദ്യരാകും എന്ന യാഥാർഥ്യം ഉൾക്കൊള്ളണം. ഇസ്‌ലാമിലെ രണ്ടാം

ഖലീഫയായ ഉമർ(റ)വിന്റെ ഈ വാക്കുകൾ ഏറെ ശ്രദ്ധേയവും ചിന്താർഹവുമാണ്:

“തീർച്ചയായും നാം ഏറ്റവും നിന്ദ്യരായ ഒരു ജനതയായിരുന്നു; അല്ലാഹു നമ്മെ ഇസ്‌ലാം കൊണ്ട് പ്രതാപമുള്ളവരാക്കി; അല്ലാഹു നമുക്ക് തന്ന ഈ ഇസ്‌ലാം അല്ലാത്ത മറ്റൊന്നിലൂടെ നമ്മൾ പ്രതാപം ആഗ്രഹിച്ചാൽ അല്ലാഹു നമ്മെ വീണ്ടും നിന്ദ്യരാക്കും.”

ഇതിന്റെ കൂടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യമുണ്ട്. നമ്മുടെ രാജ്യത്ത് ഏതൊരാൾക്കും ഏതു മതത്തിലും വിശ്വസിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. അത് പ്രഖ്യാപിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യാം.




**ചില പ്രത്യേക മതങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കേവലം ‘പൊതുവായത്’ ആണെന്ന് പറഞ്ഞ്, അവ കേരളത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഔദ്യോഗിക പരിപാടികളിലും പൊതുവേദികളിലും ഇത്തരം ആചാരങ്ങൾ എല്ലാവരെക്കൊണ്ടും ചെയ്യിക്കാൻ ശ്രമിക്കുമ്പോൾ, അതിൽനിന്നും തങ്ങളുടെ വിശ്വാസപരമായ കാരണങ്ങളാൽ മാറിനിൽക്കാൻ മുസ്‌ലിം ജനപ്രതിനിധികൾക്ക് പലപ്പോഴും സാധിക്കാതെ പോകുന്നു. ഭൂരിപക്ഷ പൊതുബോധത്തെ ഭയന്ന്, സ്വന്തം അസ്തിത്വവും സ്വത്വവും ഐഡന്റിറ്റിയും മറച്ചുവെച്ചുകൊണ്ട് പ്രവർത്തിക്കേണ്ടി വരുന്ന വലിയൊരു ഗതികേട് ഇന്ന് നമ്മുടെ നേതാക്കൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നു.**

എന്റെ പാർട്ടിയാണ് ശരി എന്നോ എന്റെ മതമാണ് ശരി എന്നോ പറയാനും അവകാശമുണ്ട്. അതിൽ അപര വിദ്വേഷമോ വെറുപ്പോ ഇല്ല. മറ്റുള്ളതൊന്നും ഇവിടെ പാടില്ല എന്നോ ഞങ്ങൾക്ക് മാത്രമാണ് ഇവിടെ അവകാശങ്ങളുള്ളതെന്നോ പറയുന്നതാണ് പ്രശ്നം. അങ്ങനെ മുസ്‌ലിംകളാരും പറയാറില്ല. ഏതു മതവിശ്വാസിക്കും തന്റെ മതത്തിന്റെ വഴിയിൽ അന്തസ്സോടെ ജീവിക്കാൻ ഭരണഘടന അവകാശം നൽകുന്നുണ്ടെന്നിരിക്കെ, ചിലർക്കൊന്നും അതിന് അവകാശമില്ല എന്ന് പരസ്യമായിത്തന്നെ പ്രഖ്യാപിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട്. അങ്ങനെയുള്ളവരാണ് രാജ്യത്തിനു ഭീഷണി.

### കേരളീയ പൊതുമണ്ഡലവും മുസ്‌ലിം രാഷ്ട്രീയവും

ഇന്ന് കേരളത്തിൽ വളരെ പ്രകടമായ ഒരു ഇസ്‌ലാമോഫോബിക് അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. ഈയൊരു പ്രത്യേക സാഹചര്യത്തിൽ, മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടികൾ ഭരണത്തിൽ പങ്കാളികളാകുമ്പോൾ; അവർക്ക് മുസ്‌ലിം സമുദായത്തിന് ഭരണഘടന അനുവദിച്ചു നൽകുന്ന ന്യായമായ അവകാശങ്ങൾ കൃത്യമായി നടപ്പിലാക്കിക്കൊടുക്കാൻ സാധിക്കാത്തവിധം വലിയൊരു രാഷ്ട്രീയ പ്രതിരോധം പൊതുസമൂഹത്തിൽനിന്ന് ഉയർന്നുവരാറുണ്ട്. മുസ്‌ലിംകൾ തങ്ങളുടെ അവകാശങ്ങൾ ചോദിക്കാൻ പാടില്ല എന്ന രീതിയിലുള്ള സങ്കുചിതമായ ഒരു നരേറ്റീവ് (ആഖ്യാനം) ആണ് ഇവിടെ ബോധപൂർവം ബിൽഡ് ചെയ്യപ്പെട്ടിരിക്കുന്നത്.

**മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടികൾ ഭരണത്തിൽ പങ്കാളികളാകുമ്പോൾ; അവർക്ക് മുസ്‌ലിം സമുദായത്തിന് ഭരണഘടന അനുവദിച്ചു നൽകുന്ന ന്യായമായ അവകാശങ്ങൾ കൃത്യമായി നടപ്പിലാക്കിക്കൊടുക്കാൻ സാധിക്കാത്തവിധം വലിയൊരു രാഷ്ട്രീയ പ്രതിരോധം പൊതുസമൂഹത്തിൽനിന്ന് ഉയർന്നുവരാറുണ്ട്. മുസ്‌ലിംകൾ തങ്ങളുടെ അവകാശങ്ങൾ ചോദിക്കാൻ പാടില്ല എന്ന രീതിയിലുള്ള സങ്കുചിതമായ ഒരു നരേറ്റീവ് (ആഖ്യാനം) ആണ് ഇവിടെ ബോധപൂർവം ബിൽഡ് ചെയ്യപ്പെട്ടിരിക്കുന്നത്.**

ഇത് തികച്ചും വിവേചനപരമാണ്. കാരണം, കേരളത്തിലെ മറ്റു പല പ്രമുഖ സമുദായങ്ങളും വളരെ പബ്ലിക്കായി തന്നെ മുന്നോട്ട് വരികയും തങ്ങളുടെ സമുദായത്തിന്റെ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും വേണ്ടി ഭരണകൂടത്തോട് ശക്തമായി വിലപേശുകയും ചെയ്യാറുണ്ട്. അത്തരം സന്ദർഭങ്ങളിലൊന്നും അതിനെ വർഗീയതയായോ മതത്തിന്റെ സങ്കുചിത താൽപര്യങ്ങളായോ ആരും വ്യാഖ്യാനിക്കാറില്ല. എന്നാൽ മുസ്‌ലിം സമുദായം തികച്ചും ന്യായമായ ഒരു ആവശ്യം (ഉദാഹരണത്തിന് വിദ്യാഭ്യാസ മേഖലയിലെ സീറ്റ് പ്രതിസന്ധിയോ പിന്നാക്ക വികസന ഫണ്ടുകളോ പോലുള്ള കാര്യങ്ങൾ) മുന്നോട്ടുവെച്ചാൽ പോലും അതിനെ ഭൂരിപക്ഷ വർഗീയത ആളിക്കത്തിക്കുന്ന രീതിയിലുള്ള അപകടകരമായ ചർച്ചകളാക്കി മാറ്റാൻ ചാനൽ മുറികളും മാധ്യമങ്ങളും വലിയ തോതിൽ ശ്രമിക്കാറുണ്ട്.

അതുകൊണ്ടുതന്നെ, സമുദായത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ നേതാക്കൾ പോലും തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പൊതുവേദിയിൽ തുറന്നു പറയാൻ മടി കാണിക്കുന്ന അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. ഇസ്‌ലാമികമായ മൂല്യങ്ങളും സംസ്കാരങ്ങളും പൊതുമധ്യത്തിൽ അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ പലപ്പോഴും അവർ അധൈര്യപ്പെടുന്നു.

മാത്രമല്ല, ചില പ്രത്യേക മതങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കേവലം ‘പൊതുവായത്’ ആണെന്ന് പറഞ്ഞ്, അവ കേരളത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഔദ്യോഗിക പരിപാടികളിലും പൊതുവേദികളിലും ഇത്തരം ആചാരങ്ങൾ എല്ലാവരെക്കൊണ്ടും ചെയ്യിക്കാൻ ശ്രമിക്കുമ്പോൾ, അതിൽനിന്നും തങ്ങളുടെ വിശ്വാസപരമായ കാരണങ്ങളാൽ മാറിനിൽക്കാൻ മുസ്‌ലിം ജനപ്രതിനിധികൾക്ക് പലപ്പോഴും സാധിക്കാതെ പോകുന്നു. ഭൂരിപക്ഷ പൊതുബോധത്തെ ഭയന്ന്, സ്വന്തം അസ്തിത്വവും സ്വത്വവും ഐഡന്റിറ്റിയും മറച്ചുവെച്ചുകൊണ്ട് പ്രവർത്തിക്കേണ്ടി വരുന്ന വലിയൊരു ഗതികേട് ഇന്ന് നമ്മുടെ നേതാക്കൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈയൊരു തിരിച്ചുപോക്ക് ഭാവിയിൽ വലിയ അപകടം വരുത്തിവെക്കും എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

### ചരിത്രത്തിലെ ധീരമായ മാതൃകകൾ

ഇതിലും എത്രയോ വലിയ പ്രതിസന്ധികളും കലുഷിതമായ സാഹചര്യങ്ങളും ഉണ്ടായിട്ടും നമ്മുടെ മുൻഗാമികൾ തങ്ങളുടെ മതപരമായ വിശ്വാസവും അസ്തിത്വവും അടയാളങ്ങളും ചിഹ്നങ്ങളും കൃത്യമായി ഉയർത്തിക്കാണിച്ചുകൊണ്ട് തന്നെയാണ് പൊതുരംഗത്ത് പ്രവർത്തിച്ചിട്ടുള്ളത്.

മക്കയിലെ ക്രൂരമായ പീഡനങ്ങൾ സഹിക്കവയ്യാതെ അബ്സീനിയയിലേക്ക് പലായനം ചെയ്ത മുസ്‌ലിംകളെ മടക്കി അയപ്പിക്കാൻ ഖുറൈശികൾ നജ്ജാശി രാജാവിന്റെ കൊട്ടാരത്തിലെത്തിയ സംഭവം നാം ഓർക്കണം. ക്രിസ്ത്യാനിയായ രാജാവിന്റെ മുന്നിൽ നിൽക്കുമ്പോൾ അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ വേണ്ടി ഈസാ നബി(അ)യെക്കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാട് ഒളിച്ചുവെക്കാൻ ജാഫർ ബിൻ അബീത്വാലിബ്(റ) തയ്യാ

റായില്ല. രാജാവ് ചോദിച്ചപ്പോൾ നിർഭയമായി, സൂറത്തു മർയമിലെ വചനങ്ങൾ ഓതിക്കേൾപ്പിച്ചുകൊണ്ട് ജാഫർ(റ) പ്രഖ്യാപിച്ചത്, അദ്ദേഹം അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലും കന്യകയായ മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവുമാകുന്നു എന്നെല്ലാമാണ്. ഈ ആദർശധീരതയാണ് നജ്ജാശിയുടെ ഹൃദയം കീഴടക്കിയതും മുസ്‌ലിംകൾക്ക് അവിടെ അഭിമാനത്തോടെ ജീവിക്കാൻ അഭയം നൽകാൻ കാരണമായതും.

ദേശീയ തലത്തിലും കേരളത്തിലും പൊതുരംഗത്തും മതരംഗത്തും രാഷ്ട്രീയത്തിലും ഒരുമിച്ച് നേതൃത്വം നൽകിയ നമ്മുടെ മുൻഗാമികൾ തങ്ങളുടെ ഇസ്‌ലാമിക സ്വത്വം ഉയർത്തിപ്പിടിച്ചാണ് ജീവിച്ചത്. മൗലാനാ അബുൽ കലാം ആസാദ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായിരിക്കുമ്പോഴും സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോഴും തന്റെ പണ്ഡിത വേഷവും മതനിഷ്ഠയും കൈവിടാൻ തയ്യാറായില്ല. ഖാഇദേ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ അമരക്കാരനായി ഭരണഘടനാ നിർമാണ സഭയിൽ നിലകൊണ്ടപ്പോൾ, മുസ് ലിം വ്യക്തിനിയമങ്ങൾക്കും ശരീഅത്തിനും നേരെ ഉയർന്ന വെല്ലുവിളികളെ നേരിട്ടത് തന്റെ തനതായ മുസ്‌ലിം സ്വത്വബോധം പാർലമെന്റിൽ ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടായിരുന്നു.

മലബാർ കലാപകാലത്ത് ബ്രിട്ടീഷ് മജിസ്ട്രേറ്റിന് മുന്നിൽ കോൺഗ്രസിന്റെയും ഖിലാഫത്തിന്റെയും നേതാവായി നിൽക്കുമ്പോഴും, തന്റെ പണ്ഡിതവേഷം മാറ്റാനോ നിലപാടിൽ വിട്ടുവീഴ്ച ചെയ്യാനോ ഇ. മൊയ്തു മൗലവി തയ്യാറായില്ല. കോയമ്പത്തൂർ, വെല്ലൂർ ജയിലറകളിലെ ക്രൂര പീഡനങ്ങൾക്കിടയിലും ഇസ്‌ലാമിക തനിമ അദ്ദേഹം കാത്തുസൂക്ഷിച്ചു.




കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ മുസ്‌ലിം ലീഗിന്റെയും മതസംഘടനകളുടെയും ഉന്നത നേതൃത്വം വഹിച്ച സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും സി.എച്ച്. മുഹമ്മദ് കോയയും അധികാരത്തിന്റെയോ സെക്കുലറിസത്തിന്റെയോ പേരിൽ തങ്ങളുടെ ഇസ്‌ലാമിക വേഷത്തിലോ നമസ്കാരം ഉൾപ്പെടെയുള്ള ആചാരങ്ങളിലോ ഒരു വിട്ടുവീഴ്ചയും ചെയ്തില്ല.

സിഎച്ച് മുഖ്യമന്ത്രിയായിരുന്നപ്പോഴും തന്റെ പ്രസംഗങ്ങളിലും എഴുത്തുകളിലും ഇസ്‌ലാമിക പാരമ്പര്യത്തെയും സ്വത്വത്തെയും അഭിമാനത്തോടെയാണ് പ്രതിനിധീകരിച്ചത്.

ഭരണാധികാരികളുടെയോ ഭൂരിപക്ഷത്തിന്റെയോ ഫാസിസ്റ്റ് മനോഭാവക്കാരുടെയോ മുന്നിൽ സ്വന്തം മതചിഹ്നങ്ങളും ആചാരങ്ങളും ഒളിച്ചുവെക്കുന്നതില്ല, മറിച്ച് പ്രതിസന്ധികളിലും 'ഞാൻ അഭിമാനിയായ മുസ്‌ലിമാണ്' എന്ന് ജീവിതംകൊണ്ട് തെളിയിക്കുന്നതിലാണ് വിജയം. അങ്ങനെ നിലകൊണ്ടു തന്നെ ഇതര മതസ്ഥരുമായി സൗഹാർദത്തിലും സ്നേഹത്തിലും കഴിയാൻ സാധിക്കുക എന്നതാണ് മുൻഗാമികൾ കാണിച്ചുതന്ന മാതൃക; അതിലാണ് രാജ്യത്തിന്റെ സൗന്ദര്യവും. മുൻഗാമികൾ കാണിച്ചുതന്ന ആദർശപ്രതാപം തിരിച്ചുപിടിക്കാൻ ആധുനിക മുസ്‌ലിം സമൂഹം സന്നദ്ധമാകേണ്ടതുണ്ട്. ■

ക്വുർആനിലെ സാർവലൗകിക വിളികൾ 16



# മനുഷ്യോൽപത്തിയും പരലോകത്തിനുള്ള തെളിവുകളും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

മരണശേഷം മനുഷ്യൻ വീണ്ടും ജീവിക്കുമോ? മണ്ണായിപ്പോയ ശരീരത്തിന് എങ്ങനെയാണ് വീണ്ടും ജീവൻ ലഭിക്കുക? ഈ ചോദ്യങ്ങൾ മനുഷ്യനെ പണ്ടുമുതലേ അലട്ടുന്നതാണ്. മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുവാൻ തയ്യാറില്ലാത്തവരോട്, തങ്ങളുടെ സ്വന്തം സൃഷ്ടിയുടെ ആരംഭം മുതൽ മരണം വരെയുള്ള അവസ്ഥാവിശേഷങ്ങളെപ്പറ്റി ചിന്തിച്ചുനോക്കുവാൻ അല്ലാഹു കൽപിക്കുന്നു.

ഒന്നുമില്ലായ്മയിൽനിന്ന് നിങ്ങളെ ആദ്യമായി സൃഷ്ടിച്ചവന് വീണ്ടും ജീവിപ്പിക്കാനാണോ പ്രയാസം? അനേകം സ്ഥിതിമാറ്റങ്ങൾക്ക് വിധേയരായ മനുഷ്യൻ വീണ്ടും ചില മാറ്റങ്ങൾക്ക് കൂടി വിധേയനാകുന്നതിൽ യാതൊരു അസാംഗത്യവുമില്ലെന്ന് സ്വന്തം ശരീരത്തിലേക്ക് നോക്കിയാൽ മനസ്സിലാകും. മനുഷ്യന്റെ ഉത്ഭവം മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ അവന്റെ ശരീരത്തിൽ നടക്കുന്ന പ്രധാനപ്പെട്ട ഏഴ് അവസ്ഥകളെയാണ് അല്ലാഹു ഈ വചനത്തിലൂടെ വിവരിക്കുന്നത്:

**സ്രഷ്ടാവിനെ അംഗീകരിക്കുന്നതിലൂടെ മാത്രമെ മനുഷ്യന് അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള സംശയങ്ങൾ നീങ്ങുകയുള്ളൂ. ഒന്നുമില്ലായ്മയിൽ നിന്ന് നമ്മെ സൃഷ്ടിച്ചവന് നമ്മെ തിരിച്ചുകൊണ്ടുവരാൻ പ്രയാസമില്ല എന്ന ലളിതമായ സത്യം ഉൾക്കൊള്ളുമ്പോൾ ജീവിതത്തിന് പുതിയൊരു അർഥവും ലക്ഷ്യബോധവും കൈവരുന്നു.**

يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى رَيْبٍ مِّنَ ٱلْبَعْثِ فَإِنَّا خَلَقْنَـٰكُم
مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِن مُّضْغَةٍ
مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِّنُبَيِّنَ لَكُمْ ۚ وَنُقِرُّ فِى ٱلْأَرْحَامِ مَا نَشَآءُ
إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ نُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ۖ
وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَيْلَا
يَعْلَمَ مِنۢ بَعْدِ عِلْمٍ شَيْـًٔا ۚ وَتَرَى ٱلْأَرْضَ هَامِدَةً فَإِذَآ أَنزَلْنَا
عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ وَأَنۢبَتَتْ مِن كُلِّ زَوْجٍۭ بَهِيجٍ

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു" (ക്വുർആൻ 22:5).

### അത്ഭുതകരമായ വളർച്ചാഘട്ടങ്ങൾ

മനുഷ്യന്റെ ശാരീരികമായ പരിണാമ ഘട്ടങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരണമാണിത്. മണ്ണിലെ മൂലകങ്ങളിൽനിന്ന് തുടങ്ങി, ഒരു തുള്ളി ബീജത്തിലൂടെ കടന്ന്, ഗർഭാശയത്തിൽ ഒട്ടിപ്പിടിക്കുന്ന ഭ്രൂണമായി (അലക്വ), പിന്നീട് രൂപം പ്രാപിക്കുന്നതും പ്രാപിക്കാത്തതുമായ മാംസപിണ്ഡമായി മാറുന്ന ആ അത്ഭുത പ്രക്രിയ ക്വുർആൻ എടുത്തുപറയുന്നു.

ആധുനിക ഭ്രൂണശാസ്ത്രം സൂക്ഷ്മദർശിനിയുടെയും മറ്റും സഹായത്തോടെ കണ്ടെത്തിയ ഈ കാര്യങ്ങൾ നൂറ്റാണ്ടുകൾക്കു മുമ്പ് ക്വുർആൻ വിവരിച്ചത് ചിന്തിക്കുന്നവർക്ക് വലിയൊരു അടയാളമാണ്. ഒരു ചെറിയ കോശത്തിൽനിന്ന് ഇത്രയും സങ്കീർണമായ മനുഷ്യശരീരം പടുത്തുയർത്താൻ ഒരു സ്രഷ്ടാവില്ലാതെ സാധ്യമല്ല. അന്ധമായ യാദൃച്ഛികതയല്ല, മറിച്ച് കൃത്യമായ പ്ലാനിംഗാണ് നമ്മുടെ ജനനത്തിന് പിന്നിലുള്ളത്.

മനുഷ്യശരീരത്തിലെ ആ ഏഴ് അത്ഭുത ഘട്ടങ്ങൾ: (അമാനി മൗലവിയുടെ ക്വുർആൻ വ്യാഖ്യാനത്തിൽനിന്ന്)

*1) തുടക്കം മണ്ണിൽ നിന്ന്:*

മനുഷ്യന്റെ ആദിപിതാവായ ആദം നബി(അ)യെ അല്ലാഹു സൃഷ്ടിച്ചതും ഇന്ദ്രിയത്തിൽ അടക്കം ചെയ്ത മനുഷ്യബീജത്തിന്റെ ഉത്ഭവവും മണ്ണിൽ നിന്നാണല്ലോ. മണ്ണിൽ നിന്നും ജലത്തിൽനിന്നുമായി ഉൽപാദിപ്പിക്കുന്ന ഭക്ഷണപദാർഥങ്ങളിൽ നിന്ന് ആദ്യം

**ഈ പ്രപഞ്ചവും അതിലെ സംവിധാനങ്ങളും വ്യർഥമായി സൃഷ്ടിക്കപ്പെട്ടതല്ല എന്ന തിരിച്ചറിവാണ് യഥാർഥ വിജ്ഞാനം. സ്വന്തം സൃഷ്ടിപ്പിന്റെ ഘട്ടങ്ങളെക്കുറിച്ചും പ്രകൃതിയുടെ മാറ്റങ്ങളെക്കുറിച്ചും ചിന്തിക്കുന്ന ഒരാൾക്ക് പരലോക ജീവിതത്തെക്കുറിച്ച് ഒരിക്കലും സംശയിക്കാനാകില്ല. ഈ ബോധ്യം മനുഷ്യനിൽ ഉത്തരവാദിത്ത ബോധം വളർത്തുന്നു; തന്റെ ജീവിതം ഇവിടെ അവസാനിക്കുന്നില്ലെന്നും ചെയ്ത കർമങ്ങൾക്കെല്ലാം സ്രഷ്ടാവിന്റെ മുന്നിൽ മറുപടി പറയേണ്ടിവരുമെന്നുമുള്ള ചിന്ത അവനെ സൽകർമങ്ങളിലേക്ക് നയിക്കുന്നു.**

രക്തവും പിന്നീട് ശുക്ലവും ഉണ്ടാകുന്നു. അങ്ങനെ നോക്കുമ്പോൾ നാമോരോരുത്തരും മണ്ണിൽനിന്ന് രൂപപ്പെട്ടവരാണ്.

*2. ശുക്ലബീജം:*

ശുക്ലജലത്തിന്റെ ഏറ്റവും ചെറിയ ഒരംശം മാതാവിന്റെ ഗർഭാശയത്തിൽ പ്രവേശിക്കുന്നതോടെയാണ് ജീവന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. താമസിയാതെ അതിൽനിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു രൂപത്തിലേക്ക് അത് നീങ്ങുന്നു.

*3. അള്ളിപ്പിടിക്കുന്ന രക്തക്കട്ട:*

അനന്തരം ഈ ബീജം ഗർഭാശയഭിത്തിയിൽ അള്ളിപ്പിടിക്കുന്ന ഒരു രക്തക്കട്ടയായി മാറുന്നു. യാതൊരു സുരക്ഷിതത്വവുമില്ലാത്ത അവസ്ഥയിൽ അതിനെ അവിടെ ഉറപ്പിച്ചു നിർത്തുന്നത് പ്രപഞ്ചനാഥന്റെ കാരുണ്യമാണ്.

*4. മാംസപിണ്ഡം:*

അൽപ ദിവസത്തിനകം അത് മാംസപിണ്ഡമായി മാറുന്നു. ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ ഈ നാലാമത്തെ ഘട്ടത്തെ അല്ലാഹു രണ്ട് അവസ്ഥയിലായി വിവരിക്കുന്നു; രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതും. അവയവങ്ങളും ഇന്ദ്രിയശക്തികളും പൂർത്തിയാക്കപ്പെടുക, ജീവനോടെ പ്രസവിക്കപ്പെടത്തക്കവണ്ണം പൂർണതയിലെത്തുക എന്നതെല്ലാമാണ് രൂപം നൽകപ്പെട്ടത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മേൽപറഞ്ഞ നാല് ഘട്ടങ്ങളിൽ വെച്ച് കൂടുതൽ സമയമെടുക്കുന്നത് ഈ ഘട്ടത്തിലാണ്. ഇവിടെ വെച്ചാണ് ശിശുവിന്റെ ആകൃതിയും പ്രകൃതിയും നിർണയിക്കപ്പെടുന്നത്.

*'നിങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ വേണ്ടി:'*

ഗർഭാശയ ലോകത്ത് വെച്ച് ആ ശിശുവിനെ വളർത്താനും വികസിപ്പിക്കാനും, ഭക്ഷണപാനീയങ്ങൾക്കും വേണ്ടുന്ന എല്ലാ സൗകര്യങ്ങളും അല്ലാഹു അവിടെ ശരിപ്പെടുത്തിക്കൊടുക്കുന്നു. ഇത്രയും കാലത്തെ അത്ഭുതകരമായ ആ അദൃശ്യ ജീവിതത്തെപ്പറ്റി ആലോചിക്കുന്നതായാൽ അല്ലാഹുവിന്റെ സൃഷ്ടിവൈഭവം മനുഷ്യന് വേഗത്തിൽ ബോധ്യപ്പെടും. അതുകൊണ്ടാണ് ഈ സംഗതികൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 'നിങ്ങൾക്ക് കാര്യങ്ങൾ വ്യക്തമാക്കിത്തരുവാൻ വേണ്ടി' എന്ന് അല്ലാഹു പറയുന്നത്.

*5. ശിശുവായി പുറത്തുവരൽ:*

അല്ലാഹു ഉദ്ദേശിച്ച കാലം തികയുമ്പോൾ, ഈ ബാഹ്യലോകത്തേക്ക് മനുഷ്യൻ ശിശുവായി പുറത്തു വരുന്നു. പുറത്തുവരുമ്പോൾ കരയുവാൻ മാത്രം പഠിച്ച അവൻ ഉടനെ മുലപ്പാൽ കുടിക്കുവാനും, ക്രമേണ ഓരോ അറിവും അഭ്യാസവും കരസ്ഥമാക്കുവാനും ശീലിച്ചുവരുന്നു. അജ്ഞാതലോകത്ത് വെച്ച് പരിപാലിച്ച അതേ അല്ലാഹു തന്നെ, അവനെ വളർത്തിക്കൊണ്ടു പോരുവാൻ വേണ്ടതെല്ലാം ഈ ലോകത്തും മുൻകൂട്ടി തയ്യാറാക്കിവെച്ചിട്ടുണ്ട്.

*6. പൂർണവളർച്ചയും യുവത്വവും:*

അങ്ങനെ, അവൻ പ്രായപൂർത്തിയും യുവത്വവും പ്രാപിക്കുന്നു. കായികമായ കരുത്തും ബുദ്ധിയും തന്റേടവും ഉള്ളവനായി അവൻ ഈ ഭൂമിയിൽ ജീവിക്കുന്നു.

*7. വാർധക്യവും മരണവും:*

ഇതാണ് അവസാനത്തെ സ്ഥിതിമാറ്റം. ഇത് അവനെ വീണ്ടും അദൃശ്യമായ മറ്റൊരു ലോകത്തേക്ക് കൊണ്ടു

പോകുന്നു. ചിലർക്ക് ആയുഷ്ക്കാലം കുറവായിരിക്കും, അവർ നേരത്തെ മരിച്ചുപോകുന്നു. മറ്റു ചിലർക്ക് ദീർഘായുസ്സ് നൽകപ്പെടുന്നു. വാർധക്യം നിമിത്തം അറിവും കഴിവുമെല്ലാം നഷ്ടപ്പെട്ട് കേവലം ശിശുസമാനമായിത്തീർന്ന ശേഷമെ അവർ മരണമടയുന്നുള്ളൂ.

**ജീവിതത്തിന്റെ നിയന്ത്രണം സ്രഷ്ടാവിൽ**

ഗർഭാശയത്തിൽ എത്രകാലം കഴിയണം എന്നതും എപ്പോൾ ജനിക്കണം എന്നതും മനുഷ്യന്റെ നിയന്ത്രണത്തിലല്ല. ജനിച്ചുകഴിഞ്ഞാൽ ശിശുവായും പിന്നീട് പൂർണവളർച്ചയെത്തിയ യുവാവായും നമ്മെ മാറ്റുന്നത് അല്ലാഹുവിൻെറ അലംഘനീയമായ നിയമങ്ങളാണ്.

നമ്മുടെ ആയുസ്സിന്റെ ദൈർഘ്യം നിശ്ചയിക്കുന്നതും നമ്മളല്ല. ചിലർ ചെറുപ്പത്തിലേ വിടവാങ്ങുന്നു. ചിലർക്ക് ദീർഘായുസ്സ് ലഭിക്കുന്നു. നാം എത്ര വലിയ അറിവുള്ളവരാണെന്ന് അഹങ്കരിച്ചാലും, വാർധ ക്യമെത്തുമ്പോൾ ഒരു കുഞ്ഞിനെയെന്നപോലെ മറ്റൊരാളുടെ സഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് നാം മടങ്ങുന്നു. മനുഷ്യന്റെ നിസ്സഹായതയെയും സ്രഷ്ടാവിന്റെ സർവാധിപത്യത്തെയും ഇത് ബോധ്യപ്പെടുത്തുന്നു.

**പ്രകൃതിയിലെ ഉയിർത്തെഴുന്നേൽപ്**

പരലോകത്തെ നിഷേധിക്കുന്നവർക്ക് അല്ലാഹു നൽകുന്ന ഏറ്റവും വലിയ ദൃഷ്ടാന്തമാണ് വരണ്ടുണങ്ങിയഭൂമി. ജീവന്റെ യാതൊരു ലക്ഷണവുമില്ലാതെ കിടക്കുന്ന മണ്ണിലേക്ക് ഒരു മഴ പെയ്യുമ്പോൾ അത് പെട്ടെന്ന് പച്ചപിടിക്കുകയും സസ്യങ്ങൾ മുളച്ചുവരികയും ചെയ്യുന്നു.

ചൈതന്യമില്ലാത്ത മണ്ണിൽനിന്ന് സസ്യങ്ങളെ ജീവിപ്പിക്കാൻ കഴിയുന്നവന്, മണ്ണടിഞ്ഞ മനുഷ്യരെ പുനർജീവിപ്പിക്കാനും കഴിയും. പ്രകൃതിയിൽ നമ്മുടെ കണ്മുന്നിൽ ഓരോ വർഷവും നടന്നുകൊണ്ടിരിക്കുന്ന ഈ പ്രക്രിയ പുനരുത്ഥാനത്തിന്റെ പ്രായോഗികമായ തെളിവാണ്. മരണം എന്നത് ജീവിതത്തിന്റെ അവസാനമല്ല, മറിച്ച് മറ്റൊരു ജീവിതത്തിലേക്കുള്ള തുടക്കമാണെന്ന് ഇത് വ്യക്തമാക്കുന്നു.

വിത്തു മുളക്കുന്നതും ഭൂമി പച്ചപ്പണിയുന്നതും വെറുമൊരു ഭൗതിക പ്രതിഭാസമല്ല, മറിച്ച് മനുഷ്യന്റെ പുനരുത്ഥാനത്തിനുള്ള വ്യക്തമായ ദൃഷ്ടാന്തമാണ്. വരണ്ട ഭൂമിയെ ജീവിപ്പിക്കുന്നതുപോലെ, ജീർണ്ണിച്ചു പോയ അസ്ഥികളെയും അല്ലാഹു പുനരുജ്ജീവിപ്പിക്കും. വിതയ്ക്കപ്പെട്ട വിത്തുകൾ അനുകൂല സാഹചര്യത്തിൽ മണ്ണിൽനിന്ന് മുളച്ചുപൊന്തുന്നത് പോലെ, നാളെ പരലോകത്ത് കാഹളത്തിൽ ഊതപ്പെടുമ്പോൾ ഓരോ മനുഷ്യനും തന്റെ വിചാരണയ്ക്കായി മണ്ണിൽനിന്നും എഴുന്നേറ്റു വരേണ്ടതുണ്ട്. പ്രകൃതിയിലെ ഈ വലിയ മാറ്റം കാണിച്ചുതരുന്നതിലൂടെ പുനരുത്ഥാനമെന്നത് യുക്തിക്ക് നിരക്കാത്ത ഒന്നല്ല, മറിച്ച് നമ്മുടെ കൺമുന്നിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന ഒരു യാഥാർഥ്യമാണെന്ന് ഖുർആൻ നമ്മെ ബോധ്യപ്പെടുത്തുന്നു.

**സംശയങ്ങളിൽനിന്നുള്ള മോചനം**

'നിങ്ങൾ സംശയത്തിലാണെങ്കിൽ' എന്ന് പറഞ്ഞുകൊണ്ടാണ് വചനം തുടങ്ങുന്നത്. മനുഷ്യന്റെ യുക്തിയെയും ചിന്തയെയും ഉണർത്താനാണ് ഖുർആൻ ശ്രമിക്കുന്നത്. ചുറ്റുമുള്ള മാറ്റങ്ങളും സ്വന്തം ശരീരത്തിന്റെ രഹസ്യങ്ങളും തിരിച്ചറിയുന്ന ഒരാൾക്ക് സത്യം അംഗീകരിക്കാതിരിക്കാൻ കഴിയില്ല.

സ്രഷ്ടാവിനെ അംഗീകരിക്കുന്നതിലൂടെ മാത്രമെ മനുഷ്യന് അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള സംശയങ്ങൾ നീങ്ങുകയുള്ളൂ. ഒന്നുമില്ലായ്മയിൽ നിന്ന് നമ്മെ സൃഷ്ടിച്ചവന് നമ്മെ തിരിച്ചുകൊണ്ടുവരാൻ പ്രയാസമില്ല എന്ന ലളിതമായ സത്യം ഉൾക്കൊള്ളുമ്പോൾ ജീവിതത്തിന് പുതിയൊരു അർഥവും ലക്ഷ്യബോധവും കൈവരുന്നു.

ഈ പ്രപഞ്ചവും അതിലെ സംവിധാനങ്ങളും വ്യർഥമായി സൃഷ്ടിക്കപ്പെട്ടതല്ല എന്ന തിരിച്ചറിവാണ് യഥാർഥ വിജ്ഞാനം. സ്വന്തം സൃഷ്ടിപ്പിന്റെ ഘട്ടങ്ങളെക്കുറിച്ചും പ്രകൃതിയുടെ മാറ്റങ്ങളെക്കുറിച്ചും ചിന്തിക്കുന്ന ഒരാൾക്ക് പരലോക ജീവിതത്തെക്കുറിച്ച് ഒരിക്കലും സംശയിക്കാനാകില്ല. ഈ ബോധ്യം മനുഷ്യനിൽ ഉത്തരവാദിത്തബോധം വളർത്തുന്നു; തന്റെ ജീവിതം ഇവിടെ അവസാനിക്കുന്നില്ലെന്നും ചെയ്ത കർമങ്ങൾക്കെല്ലാം സ്രഷ്ടാവിന്റെ മുന്നിൽ മറുപടി പറയേണ്ടിവരുമെന്നുമുള്ള ചിന്ത അവനെ സൽകർമങ്ങളിലേക്ക് നയിക്കുന്നു. ചുരുക്കത്തിൽ, സംശയങ്ങളുടെ ഇരുട്ടിൽനിന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും ജീവിതത്തിന്റെ യഥാർഥ ലക്ഷ്യത്തിലേക്കുമുള്ള ഒരു വഴിവിളക്കാണ് അല്ലാഹുവിന്റെ ഈ സാർവലൗകിക ആഹ്വാനം.

*(തുടരും)*



# ഫിർഔന്റെ ജഡം; വസ്തുതയെന്ത്?

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

ശാസ്ത്രജ്ഞരോ ചരിത്രകാരന്മാരോ നടത്തുന്ന ചില ഊഹങ്ങളെയും നിഗമനങ്ങളെയും വിശ്വാസവുമായി കൂട്ടിക്കുഴച്ച്, അത് അലംഘനീയമായ ഇസ്‌ലാമിക സത്യമാണെന്ന രീതിയിൽ അവതരിപ്പിക്കുന്നത് വലിയ അപകടമാണ്. നാളെ ആ ശാസ്ത്രനിഗമനം തെറ്റാണെന്ന് തെളിയിക്കപ്പെട്ടാൽ, അത് ഇസ്‌ലാമിന്റെ വിശ്വാസ്യതയെ ബാധിക്കുമെന്ന ഗൗരവബോധവും ചിന്തയും പ്രഭാഷകർക്ക് ഉണ്ടാകണം. തീർച്ചയായും ഫിർഔന്റെ അഹങ്കാരത്തിനേറ്റ തിരിച്ചടി ചരിത്രത്തിലെ വലിയൊരു ദൃഷ്ടാന്തമാണ്. ജനങ്ങൾക്ക് ബോധ്യപ്പെടാൻ വേണ്ടി അവന്റെ ശവം അല്ലാഹു അന്ന് കരയ്ക്കെത്തിച്ചു എന്നതും സത്യമാണ്. എന്നാൽ ഇന്ന് മ്യൂസിയത്തിലുള്ള മമ്മി തന്നെയാണ് മൂസാ നബി(അ)യെ പീഡിപ്പിച്ച ഫിർഔന്റേത് എന്ന് ഉറപ്പിച്ചു പറയാൻ യാതൊരു തെളിവുമില്ല. തെളിവില്ലാത്ത കാര്യങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്.

മുഹർറം മാസത്തിന്റെ പുണ്യവും ചരിത്രവും ഓർമിപ്പിച്ചുകൊണ്ട് ഒട്ടുമിക്ക പള്ളികളിലെയും വെള്ളിയാഴ്ച പ്രഭാഷണങ്ങളിലും മതപ്രസംഗ വേദികളിലുമെല്ലാം നാം സ്ഥിരമായി കേൾക്കുന്ന ഒരു ചരിത്രമുണ്ട്. മൂസാ നബി(അ)യെയും അനുയായികളെയും അല്ലാഹു ചെങ്കടൽ പിളർത്തി രക്ഷപ്പെടുത്തിയതും, ഫിർഔൻ എന്ന അതിക്രമിയായ ഭരണാധികാരിയെ കടലിൽ മുക്കിക്കൊന്നതുമായ ചരിത്രം.

സംശയമില്ല, അതൊരു യാഥാർഥ്യമാണ്; ചരിത്ര സത്യമാണ്. എന്നാൽ, ഇതിനോട് ചേർത്ത് ഇന്ന് ഭൂരിഭാഗം പ്രസംഗകരും തറപ്പിച്ചു പറയുന്ന ഒരു 'ആധുനിക കണ്ടെത്തൽ' ഉണ്ട്: 'കഴിഞ്ഞ നൂറ്റാണ്ടിൽ ഈജിപ്തിൽ ഖനനത്തിനിടയിൽ കണ്ടെടുത്ത ഫിർഔന്റെ മമ്മിയാണ് ഖുർആൻ പറഞ്ഞ പ്രസ്തുത ദൃഷ്ടാന്തം! ലോകാവസാനം വരെയുള്ളവർക്ക് കാണാൻ വേണ്ടി അല്ലാഹു

ആ മൃതശരീരം ചീഞ്ഞുപോകാതെ സൂക്ഷിച്ചുവെച്ചിരിക്കുന്നു...'

വളരെ വികാരഭരിതമായി മതപ്രഭാഷകർ വിളിച്ചുപറയുന്ന ഈ കാര്യത്തിന് എന്തെങ്കിലും വസ്തുതാപരമായോ പ്രമാണപരമായോ വല്ല തെളിവുകളുമുണ്ടോ? ഇല്ല എന്നതാണ് വസ്തുത. ഖുർആനും വ്യാഖ്യാന ഗ്രന്ഥങ്ങളും യഥാർഥത്തിൽ പറയുന്നത് എന്താണ്? "എന്നാൽ നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിനുവേണ്ടി ഇന്നു നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ്..." (ഖുർആൻ 10:92).

ഈ വചനത്തിന്റെ പശ്ചാത്തലം മനസ്സിലാക്കാൻ വിഖ്യാതമായ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ 'തഫ്സീർ ഇബ്നു കസീർ' പരിശോധിച്ചാൽ മതിയാകും: "ഇബ്നു അബ്ബാസ്(റ) ഉൾപ്പെടെയുള്ള മുൻഗാമികൾ പറയുന്നു: ഫിർഔന്റെ അധികാരവും ശൗര്യവും കാരണം അവൻ മരിക്കില്ലെന്ന് ബനൂ ഇസ്രാഈല്യരിൽ ചിലർ കരുതിയിരുന്നു. അതിനാൽ, അവൻ മരിച്ചുവെന്ന് അവർക്ക് ഉറപ്പുവരുത്താൻ വേണ്ടി, ജീവനില്ലാത്ത അവന്റെ മൃതശരീരം അവൻ ധരിച്ചിരുന്ന പ്രശസ്തമായ പടച്ചട്ടയോടുകൂടി കരയിലെ ഉയർന്ന ഒരു പ്രദേശത്തേക്ക് തള്ളാൻ അല്ലാഹു കടലിനോട് കൽപിച്ചു."

അതായത്, അന്ന് മൂസാ നബി(അ)യോടൊപ്പം ഉണ്ടായിരുന്ന ജനതയെ ഫിർഔൻ ചത്തൊടുങ്ങി എന്ന് ബോധ്യപ്പെടുത്താൻ വേണ്ടി അല്ലാഹു കാണിച്ച ദൃഷ്ടാന്തമായിരുന്നു ആ മൃതശരീരം കരയ്ക്കടിഞ്ഞ സംഭവം. അല്ലാതെ അത് 3000 വർഷങ്ങൾക്ക് ശേഷം ഈജിപ്തിലെ മ്യൂസിയത്തിൽ വെക്കാനുള്ളതാണെന്ന് ഖുർആനോ ഹദീസോ പഠിപ്പിക്കുന്നില്ല.

മൃതശരീരം മമ്മിയാക്കൽ ഈജിപ്തിലെ പൊതുരീതിയായിരുന്നു: ഫിർഔൻ മാത്രമല്ല, പുരാതന ഈജിപ്തിലെ രാജാക്കന്മാരെയും പ്രമുഖരെയുമെല്ലാം അവർ പ്രത്യേക രാസവസ്തുക്കൾ ഉപയോഗിച്ച് 'മമ്മി'യാക്കി സൂക്ഷിച്ചിരുന്നു. ഇന്ന് കൈറോ മ്യൂസിയത്തിലുള്ളത് ഒരു മമ്മി മാത്രമല്ല, ഡസൻ കണക്കിന് മമ്മികളാണ്. മൂസാ നബി(അ)യുടെ കാലത്തെ ഫിർഔൻ രണ്ടാമത്തെ റാംസെസ് ആണോ, അതോ മെർനെപ്ത ആണോ എന്നതിൽ ചരിത്രകാരന്മാർക്കിടയിൽ ഇന്നും തർക്കമുണ്ട്. ആ സ്ഥിതിക്ക് ഇതാണ് ആ ഫിർഔൻ എന്ന് ഖണ്ഡിതമായി പറയാൻ നമുക്ക് യാതൊരു ശാസ്ത്രീയ-പ്രമാണ തെളിവുകളുമില്ല.

ശാസ്ത്രജ്ഞരോ ചരിത്രകാരന്മാരോ നടത്തുന്ന ചില ഊഹങ്ങളെയും നിഗമനങ്ങളെയും വിശ്വാസവുമായി കൂട്ടിക്കുഴച്ച്, അത് അലംഘനീയമായ ഇസ്‌ലാമിക സത്യമാണെന്ന രീതിയിൽ അവതരിപ്പിക്കുന്നത് വലിയ അപകടമാണ്. നാളെ ആ ശാസ്ത്രനിഗമനം തെറ്റാണെന്ന് തെളിയിക്കപ്പെട്ടാൽ, അത് ഇസ്‌ലാമിന്റെ വിശ്വാസ്യതയെ ബാധിക്കുമെന്ന ഗൗരവബോധവും ചിന്തയും പ്രഭാഷകർക്ക് ഉണ്ടാകണം. തീർച്ചയായും ഫിർഔന്റെ അഹങ്കാരത്തിനേറ്റ തിരിച്ചടി ചരിത്രത്തിലെ വലിയൊരു ദൃഷ്ടാന്തമാണ്. ജനങ്ങൾക്ക് ബോധ്യപ്പെടാൻ വേണ്ടി അവന്റെ ശവം അല്ലാഹു അന്ന് കരയ്ക്കെത്തിച്ചു എന്നതും സത്യമാണ്.

എന്നാൽ ഇന്ന് മ്യൂസിയത്തിലുള്ള മമ്മി തന്നെയാണ് മൂസാ നബി(അ)യെ പീഡിപ്പിച്ച ഫിർഔന്റേത് എന്ന് ഉറപ്പിച്ചു പറയാൻ യാതൊരു തെളിവുമില്ല. തെളിവില്ലാത്ത കാര്യങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്. ദീൻ അതിന്റെ തനിമയോടെ പ്രമാണബദ്ധമായി പ്രബോധനം ചെയ്യപ്പെടട്ടെ. ■

അഹ്‌ലുസ്സുന്നയുടെ ശരിയായ പ്രബോധനത്തെയും പ്രാമാണിക തീരുമാനങ്ങളെയും സമൂഹത്തിന്റെ രാഷ്ട്രീയ ബോധത്തെയും പ്രതിക്കൂട്ടിൽ നിർത്തി ചോദ്യം ചെയ്തിരുന്ന ജമാഅത്തുകാർക്കിപ്പോൾ വെളിച്ചം വെച്ച് തുടങ്ങിയിരിക്കുന്നു എന്നതിന്റെ അടയാളമായി ഇതിനെ കണക്കാക്കാം. ഇലക്ഷനിൽ മത്സരിക്കലും വോട്ട് ചെയ്യലും കോടതിയെ സമീപിക്കലുമൊന്നും അവർക്കിപ്പോൾ ശിർക്കല്ലാതെയായി മാറി. ഇനി 'സ്വയം നവീകരണം' എന്നത് എല്ലാ അർഥത്തിലും തെളിഞ്ഞു കാണേണ്ടത് പരലോകം ഭാസുരമായിത്തീരാനുള്ള മത നിലപാടുകളിലാണ്. അതിലൊരിക്കലും അമാന്തിച്ചു കൂടാ. എങ്കിൽ മാത്രമെ സത്യസന്ധമായി ജനങ്ങളെ കേൾക്കുന്ന പ്രബോധന പ്രസ്ഥാനമായി മാറുകയുള്ളൂ.



# ജനങ്ങളെ കേൾക്കാനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി! 02

മൂസ സ്വലാഹി കാര
: 97473 45768

അമീർ വീണ്ടും എഴുതുന്നു: "ജമാഅത്തിന്റെ ആശയലോകത്തുനിന്ന് തങ്ങൾക്കാവശ്യമുള്ളതൊന്നും കിട്ടാതെ വന്നപ്പോൾ സന്ദർഭത്തിൽനിന്ന് പലതും അടർത്തിയെടുത്ത് പുകമറ സൃഷ്ടിക്കുകയാണ് ജമാഅത്ത് വിമർശകർ ചെയ്യത്. അതുകൊണ്ടുതന്നെ തറയും താരാപഥവും തമ്മിലുള്ള അന്തരം പോലെ ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്യുന്ന ആദർശാത്മക ലോകവും വിമർശകർ പടച്ചുവിട്ട ഭാവനാലോകവും രണ്ടറ്റത്ത് നിൽക്കുന്നു" (പേജ് 7).

മൗദൂദിയൻ ആശയത്തിന്റെ അപകടത്തെ മറച്ചു വെക്കാൻ അമീർ വാചകക്കസർത്ത് നടത്തുകയാണിവിടെ. ആർക്കും പരിചയമില്ലാത്തതും പുതിയതുമായ ദർശനമാണ് മൗദൂദി അവതരിപ്പിച്ചതെന്ന് ആദ്യത്തിൽ പറഞ്ഞത് ഇടയിൽ വെച്ച് വിഴുങ്ങിക്കളയുകയാണോ? ആരാധനയെ അനുസരണം, അടിമത്തം എന്നീ അർഥങ്ങളിലേക്ക് ഒതുക്കാൻ ക്വുർആനിലെ സൂറത്തുൽ ഫാതിഹയെ ദുരുപയോഗം ചെയ്ത ജമാഅത്തുകാരുടെ ആശയ അടിത്തറതന്നെ തകരാറ് പറ്റിയതാകയാൽ അതിൽ നിന്ന് എന്തെങ്കിലും മുറിച്ചെടുക്കേണ്ട ആവശ്യമില്ല.

"അതുകൊണ്ടുതന്നെ മതരാഷ്ട്രവാദികൾ, മതേതര വിരുദ്ധർ, ജനാധിപത്യവിരോധികൾ, തീവ്രവാദാശയങ്ങളുടെ പ്രചാരകർ എന്നിങ്ങനെ മുദ്ര ചാർത്തി ജമാഅത്തെ ഇസ്‌ലാമിയെ ദൂരെ മാറ്റി നിർത്താനാണ് പലരും ശ്രമിച്ചത്. മേൽ പറഞ്ഞ നിഷേധാത്മക പ്രവണതകളുടെ നേരിയൊരംശം പോലും ആശയപരമായോ പ്രയോഗതലത്തിലോ ഈ പ്രസ്ഥാനത്തിൽ കണ്ടെത്തുക സാധ്യമല്ല" (പേജ് 5).

മതേതരത്വത്തിനും ജനാധിപത്യത്തിനുമെതിരെ ഒരു വാക്കും ഉരിയാടാത്ത പാവങ്ങളാണ് തങ്ങൾ എന്നു പറയുന്നതു കേട്ട് ഐപിഎച്ച് ഇറക്കിയ ചില പുസ്തകങ്ങൾ അമ്പരക്കുന്നുണ്ടാകും! ഒരേ പാതയിലൂടെ നടന്ന് നീങ്ങിയിരുന്ന മൗദൂദി, ഹസനുൽ ബന്ന, ഖുമൈനി, അലി ശരീഅത്തി, സയ്യിദ് ഖുതുബ് തുടങ്ങിയവരിൽ ആരുടെയെങ്കിലും നിലപാടിനോട് എതിരാകാൻ ജമാഅത്തെ ഇസ്‌ലാമി ഇതിനകം തയ്യാറായിട്ടുണ്ടോ? ഇസ്‌ലാമിന്റെ അഞ്ച് സ്തംഭങ്ങളെ വിപ്ലവശൈലിയിൽ ഇവർ എഴുതിവിട്ടത് മൂലം മുസ്‌ലിം


ചെയ്യുകൂടാ?" (4:75).

സമ്മർദത്തിന്റെയോ പ്രലോഭനത്തിന്റെയോ മലവെള്ളപ്പാച്ചിലുണ്ടായാൽ പോലും നീതി കൈവിട്ടു പോകരുതെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു: "നിങ്ങൾ നീതിയിൽ കണിശമായി നിലകൊള്ളുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. അത് നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ എതിരായിരുന്നാലും ശരി. (കക്ഷി) ധനികനോ ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ പിന്തിരിഞ്ഞു കളയുകയോ ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (4:135). ഇതാണ് ദീൻ, ഇതാണ് ഇസ് ലാം.

ഈ പ്രസ്ഥാനത്തിന്റെ വിശ്വാസ സംഹിതയും ഇതിന്റെ ലക്ഷ്യസ്ഥാനവും അതിലേക്കുള്ള വഴിയും ദൈവത്താൽ നിർണിതമാണ്. ഇക്കാര്യത്തിൽ കരിവീട്ടിക്കാതലിനെ മറികടക്കുന്ന വിശ്വാസം ഈ പ്രസ്ഥാനത്തിനുണ്ടായിരിക്കെത്തന്നെ സംവാദത്തിന്റെ സമസ്ത സാധ്യതകളെയും തുറന്നുവെച്ചുകൊണ്ടാണ് സമൂഹത്തോട് ഇക്കാര്യം പറഞ്ഞത്. ഐക്യപ്പെടാവുന്ന എല്ലാ വിഭാഗങ്ങളോടും കൈകോർത്തിട്ടുണ്ട്. അതിനിയും തുടരും. കാരണം, ഇസ് ലാം മനുഷ്യരോടുള്ള ദൈവത്തിന്റെ കാരുണ്യമാണ്. ഒരു നിക്ഷിപ്ത താല്പര്യവുമില്ല. ജനങ്ങൾക്ക് നല്ലതു വരണമെന്ന ഗുണകാംക്ഷയാണ് അതിന്റെ പ്രബോധകരാവാൻ ജമാഅത്തെ ഇസ് ലാമി പ്രവർത്തകരെ പ്രേരിപ്പിക്കുന്ന ഘടകം. ആ ഗുണകാംക്ഷയാവട്ടെ, വിശ്വാസത്തിന്റെ ഭാഗവുമാണ്. അതിനെ ഞങ്ങൾ ജീവിതദൗത്യമായി ഏറ്റെടുക്കുന്നു.

ജമാഅത്ത് കേരളത്തോട് ധാരാളമായി സംസാരിച്ചിട്ടുണ്ടെന്ന് പറഞ്ഞല്ലോ. പക്ഷേ, മൂന്ന് കോടി കവിഞ്ഞു നിൽക്കുന്ന മലയാളികളെല്ലാം ജമാഅത്തിനെ കുറിച്ച് കേട്ടത് ഞങ്ങളിൽനിന്ന് മാത്രമായിരുന്നില്ല; പലരിൽ നിന്നുമായാണ്. അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായി, അന്ധമായ രാഷ്ട്രീയ വിരോധവും വംശീയ മുൻവിധികളും കൂട്ടിച്ചേർത്താണ് ജമാഅത്തെ ഇസ് ലാമി വിശദീകരിക്കപ്പെട്ടത്. ജമാഅത്തിന്റെ ആശയലോകത്തു നിന്ന് തങ്ങൾക്കാവശ്യമുള്ളതൊന്നും കിട്ടാതെ വന്നപ്പോൾ സന്ദർഭത്തിൽനിന്ന് പലതും അടർത്തിയെടുത്ത് പുകമറ സൃഷ്ടിക്കുകയാണ് ജമാഅത്ത് വിമർശകർ ചെയ്തത്. അതുകൊണ്ടുതന്നെ തറയും താരാപഥവും തമ്മിലുള്ള അന്തരം പോലെ, ജമാഅത്തെ ഇസ് ലാമി പ്രതിനിധാനം ചെയ്യുന്ന ആദർശാത്മക ലോകവും വിമർശകർ പടച്ചുവിട്ട ഭാവനാലോകവും രണ്ടറ്റത്ത് നിൽക്കുന്നു. ഈ യാഥാർഥ്യം ഇനിയും കേരളത്തെ ബോധ്യപ്പെടുത്താതിരിക്കുന്നത് സംഗതമല്ല.

വിമർശനങ്ങളുടെ കൂരമ്പുകൾ ഈ പ്രസ്ഥാനം ഏറ്റുവാങ്ങിയിട്ടുണ്ട്. മതത്തെ രാഷ്ട്രീയവൽക്കരിച്ചു എന്ന് ചിലർ. രാഷ്ട്രീയത്തിൽനിന്ന് മാറിനിന്നു എന്ന് വേറെ ചിലർ. ദീനിനെ 'തീവ്രമാക്കി' എന്ന് ഇനിയുമൊരു കൂട്ടർ. ദീനിനെ 'ഉദാരമാക്കി'യതിനോട് വിയോജിക്കുന്നവരുമുണ്ട്. ആറാം നൂറ്റാണ്ടിലേക്ക് കൊണ്ടുപോകുന്നുവെന്ന് പുറത്തുനിന്ന്. പാരമ്പര്യത്തെ തള്ളിക്കളയുന്നുവെന്ന് അകത്തുനിന്ന്. വിമർശനങ്ങളുടെ ഈ ധ്രുവാന്തരങ്ങൾ മതി, നമ്മുടേത് മധ്യമ മാർഗമാണെന്നുറപ്പിക്കാൻ. നമ്മുടെ രീതിയും ശൈലിയും അന്തിമമാണെന്നല്ല. ഇസ് ലാമിക അടിത്തറയിൽ നിന്നുകൊണ്ട് ഇന്ത്യൻ സാഹചര്യത്തെ വിശകലനം ചെയ്ത് ഏറ്റവും വലിയ ശരി തെരഞ്ഞെടുക്കാനാണ് നാം ശ്രമിച്ചത്.

എന്നാൽ, ഇതിന്റെ നടത്തിപ്പുകാർ മനുഷ്യരാണ്. സ്ഖലിതങ്ങൾ സ്വാഭാവികമാണ്. അവയോടുള്ള വിമർശനങ്ങളോട് നമ്മൾ വിനയപൂർവം സഹിഷ്ണുക്കളാവും. ചിലത് തെറ്റിദ്ധാരണകളായിരിക്കാം. മറ്റു ചിലത് തിരുത്തേണ്ടതുമായിരിക്കും.

പ്രതിസന്ധികളുടെ കടലിരമ്പങ്ങളും കൊട്ടാര ജീവിതത്തിന്റെ പ്രലോഭനങ്ങളും വെല്ലുവിളികളുടെ മരുക്കാടുകളും പീഡനപർവങ്ങളുടെ തീക്കുണ്ഡങ്ങളും താണ്ടിയാണ് യുഗാന്തരങ്ങൾക്കപ്പുറത്ത് പ്രവാചകൻമാർ ഈ വഴിയുടെ വീതി കൂട്ടിയത്. ഭീഷണികളുടെയും പ്രകോപനങ്ങളുടെയും പേമാരിപ്പെയ്ത്തിലും നിർഭയം ഈ പ്രസ്ഥാനം അതിന്റെ നീൾച്ച പൂർത്തീകരിക്കുക തന്നെ ചെയ്യും. ഈ പ്രസ്ഥാനത്തിന്റെ ആദർശതാല്പര്യങ്ങൾക്കനുസരിച്ച് ഇതിൽ അണിചേർന്നുനിൽക്കുന്നവരെ ചിട്ടപ്പെടുത്തിയെടുക്കാൻ ഈ സംഘം പ്രതിജ്ഞാബദ്ധമാണ്. തദനുസൃതമായ ധാർമികവും കർമപരവുമായ നിലവാരം അതിന്റെ പ്രവർത്തകരിൽ കാണുന്നില്ലെങ്കിൽ ഗുണകാംക്ഷാപൂർവം ചൂണ്ടിക്കാട്ടുക; തിരുത്തും. കേരളം പോലെ മഴവിൽ ചാരുതയുള്ള ജനാധിപത്യ സമൂഹത്തിൽ, സമൂഹത്തെ തിരുത്തി കൂടുതൽ വർണാഭമാക്കാനും സ്വയം നവീകരിക്കാനും ജമാഅത്തെ ഇസ് ലാമി നിങ്ങളെ കേൾക്കുന്നു. നിങ്ങളെ കേൾക്കുന്ന പ്രസ്ഥാനമാണിത്. ●

2026 മെയ് 15 • പ്രബോധനം 7

സമൂഹത്തിനേറ്റ മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല. തങ്ങളുടെ പുസ്തകങ്ങളിൽ പതിയിരിക്കുന്ന പിഴവുകളെ പൊന്നുപോലെ ജമാഅത്തുകാർ സംരക്ഷിച്ച് പോരുന്നു. ഭരണകൂടത്തിന് തലവേദന മാത്രമായിരുന്ന സിമിയും എൻ.ഡി.എഫും 'കാലത്തിനുമേൽ യുവതയുടെ വിപ്ലവ മുദ്ര' എന്ന തലക്കുറിയോടെയുള്ള സോളിഡാരിറ്റിയും എസ്.ഡി.പി.ഐയുമൊക്കെ ജമാഅത്തെ ഇസ്‌ലാമിയുടെ തട്ടകത്തിൽനിന്ന് തന്നെയാണല്ലോ തടിച്ച് തുടിച്ചിട്ടുള്ളത്.

പ്രവാചകന്മാരും അനുയായികളും നിലനിർത്തിയ ആദർശാധിഷ്ഠിത ജീവിതത്തെ അമീർ അയവിറക്കുന്നത് കൂടി വായിക്കാം: "ജീവിതവും ജീവനും അപകടപ്പെടുത്തി വിമോചന പ്പോരാട്ടങ്ങൾ നയിച്ച പ്രവാചകന്മാരുടെയും അനുയായികളുടെയും കഥ പറയുന്നുണ്ട് ഖുർആൻ. അന്ത്യ പ്രവാചകൻ മുഹമ്മദ് നബി(സ്വ)വരെ അത്തരമൊരു ദീനിനെയാണ് പ്രതിനിധാനം ചെയ്തത്" (പേജ്,6)

വാളുകൊണ്ട് രണ്ടായി പിളർത്തപ്പെട്ടവരും രക്തമൊലിക്കുമാറ് ശാരീരികമർദനങ്ങൾ ഏറ്റവരും അന്യായമായി കൊല്ലപ്പെട്ടവരും പ്രവാചകന്മാരിലുണ്ട്. ഏറ്റവും വലിയ അക്രമമായ ശിർക്കിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാനും ഏക ആരാധ്യൻ അല്ലാഹു മാത്രമെന്ന സന്ദേശം അവരിൽ ഊട്ടിയുറപ്പിക്കാനുമാണ് അഹോരാത്രം അവർ പ്രയതിച്ചത്. ഏത് സാഹചര്യത്തിലൂടെ കടന്നുപോകേണ്ടിവന്നാലും അത്തരമൊരു പ്രബോധനത്തിന് വേദിയൊരുക്കാൻ ജമാഅത്തെ ഇസ്‌ലാമി ധൈര്യപ്പെടുമോ? 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർഥത്തെ 'അനുസരിക്കപ്പെടേണ്ടവൻ അല്ലാഹു മാത്രം' എന്നാക്കി മാറ്റിയവർക്ക് പ്രവാചകന്മാരുടെ പാരമ്പര്യം അവകാശപ്പെടാൻ എന്ത് അർഹതയാണുള്ളത്?

പുതിയ കാൽവെപ്പിന്റെ ലക്ഷ്യം കൂടി അമീർ പറയുന്നു: "കേരളം പോലെ മഴവിൽ ചാരുതയുള്ള ജനാധിപത്യ സമൂഹത്തിൽ സമൂഹത്തെ തിരുത്തി കൂടുതൽ വർണാഭമാക്കാനും സ്വയം നവീകരിക്കാനും ജമാഅത്തെ ഇസ്‌ലാമി നിങ്ങളെ കേൾക്കുന്നു. നിങ്ങളെ കേൾക്കുന്ന പ്രസ്ഥാനമാണിത്" (പേജ് 7).

അഹ്‌ലുസ്സുന്നയുടെ ശരിയായ പ്രബോധനത്തെയും പ്രാമാണിക തീരുമാനങ്ങളെയും സമൂഹത്തിന്റെ രാഷ്ട്രീയ ബോധത്തെയും പ്രതിക്കൂട്ടിൽ നിർത്തി ചോദ്യം ചെയ്തിരുന്ന ജമാഅത്തുകാർക്കിപ്പോൾ വെളിച്ചം വെച്ച് തുടങ്ങിയിരിക്കുന്നു എന്നതിന്റെ അടയാളമായി ഇതിനെ കണക്കാക്കാം. ഇലക്ഷനിൽ മത്സരിക്കലും വോട്ട് ചെയ്യലും കോടതിയെ സമീപിക്കലുമൊന്നും അവർക്കിപ്പോൾ ശിർക്കല്ലാതെയായി മാറി. ഇനി 'സ്വയം നവീകരണം' എന്നത് എല്ലാ അർഥത്തിലും തെളിഞ്ഞു കാണേണ്ടത് പരലോകം ഭാസുരമായിത്തീരാനുള്ള മത നിലപാടുകളിലാണ്. അതിലൊരിക്കലും അമാന്തിച്ചുകൂടാ. എങ്കിൽ മാത്രമെ സത്യസന്ധമായി ജനങ്ങളെ കേൾക്കുന്ന പ്രബോധന പ്രസ്ഥാനമായി മാറുകയുള്ളൂ.

അല്ലാഹു പറയുന്നു: "നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (3:104). ■




# മിനാരങ്ങൾക്കു മുകളിലെ ബുൾഡോസറുകൾ

റൈഹാൻ ഷഹീദ്
: +971 50 596 0255

**ഈ സാഹചര്യത്തെ എങ്ങനെ നേരിടണം?**

സമകാലിക സാഹചര്യത്തെക്കുറിച്ചുള്ള വിമർശനങ്ങൾ ആവശ്യമാണ്. അനീതികൾക്കെതിരെ ശബ്ദമുയർത്തുന്നതും അനിവാര്യമാണ്.

ഇന്ത്യൻ മുസ്‌ലിം സമൂഹം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ചോദ്യം ഇതാണ്: ‘ഈ സാഹചര്യത്തെ എങ്ങനെ നേരിടണം?’

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ കാര്യം പ്രാർഥനയാണ്. വികാരപരമായ പ്രതികരണങ്ങൾ ഫലപ്രദമല്ല. ചരിത്രം പഠിപ്പിക്കുന്നത് ഒരു സമുദായത്തിന്റെ നിലനിൽപ്പും പുരോഗതിയും നിർണയിക്കുന്നത് അതിന്റെ ബൗദ്ധികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ശക്തിയാണെന്നാണ്.

ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്ന് ഏറ്റവും ആവശ്യമായത് വിദ്യാഭ്യാസ മുന്നേറ്റമാണ്. സ്കൂളുകളിലും സർവകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലുമുള്ള സാന്നിധ്യം ശക്തിപ്പെടുത്തേണ്ട

തുണ്ട്. അറിവും പ്രൊഫഷണൽ മികവും ഒരു സമുദായത്തിന്റെ ശബ്ദത്തെ കൂടുതൽ ശക്തമാക്കുന്നു.

രണ്ടാമതായി, നിയമപരമായ പോരാട്ടങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ജനാധിപത്യ രാജ്യങ്ങളിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത് പലപ്പോഴും കോടതികളിലൂടെയും ഭരണഘടനാപരമായ സംവിധാനങ്ങളിലൂടെയുമാണ്. നിയമവാഴ്ചയിൽ വിശ്വാസം നിലനിർത്തുകയും ലഭ്യമായ എല്ലാ ഭരണഘടനാപരമായ മാർഗങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

മൂന്നാമതായി, സിവിൽ സൊസൈറ്റിയുമായും മനുഷ്യാവകാശ പ്രസ്ഥാനങ്ങളുമായും കൂടുതൽ സഹകരണം ആവശ്യമാണ്. ന്യൂനപക്ഷ അവകാശങ്ങൾ മുസ്‌ലിംകളുടെ മാത്രം വിഷയമല്ല. അവ ജനാധിപത്യത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അതിനാൽ വിശാലമായ സാമൂഹിക ഐക്യങ്ങൾ രൂപപ്പെടേണ്ടതുണ്ട്.

നാലാമതായി, ഇരയാക്കൽ മനോഭാവത്തിൽ നിന്ന് (victim mentality) വിട്ടുനിൽക്കേണ്ടതുണ്ട്. വെല്ലുവിളികൾ യാഥാർഥ്യമാണെങ്കിലും ഒരു സമുദായത്തിന്റെ മുഴുവൻ ഊർജവും പരാതികളിൽ മാത്രം കേന്ദ്രീകരിക്കുന്നത് ഗുണകരമല്ല. ചരിത്രത്തിലെ എല്ലാ ന്യൂനപക്ഷ സമൂഹങ്ങളും വിദ്യാഭ്യാസത്തിലൂടെയും സാമ്പത്തിക ശക്തീകരണത്തിലൂടെയും സാമൂഹിക സംഘടനകളിലൂടെയും മുന്നേറിയിട്ടുണ്ട്.

അഞ്ചാമതായി, ഇന്ത്യൻ മുസ്‌ലിംകൾ തങ്ങളുടെ ഇന്ത്യൻ അസ്തിത്വത്തെക്കുറിച്ച് പ്രതിരോധാത്മകമായ നിലപാടിലാകേണ്ടതില്ല. ഈ രാജ്യത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും സ്വാതന്ത്ര്യസമരത്തിലും രാഷ്ട്രനിർമാണത്തിലും മുസ്‌ലിംകളുടെ സംഭാവന കൾ നിർണായകമാണ്. ഇന്ത്യൻ മുസ്‌ലിംകൾ ഈ രാജ്യത്തിന്റെ അതിഥികളല്ല; സഹനിർമാതാക്കളാണ്.

ഈ സാഹചര്യത്തിൽ ഏറ്റവും വലിയ വെല്ലുവിളി നിരാശയ്ക്ക് കീഴടങ്ങാതിരിക്കുക എന്നതാണ്. കാരണം ചരിത്രത്തിലെ എല്ലാ പ്രയാസകരമായ കാലഘട്ടങ്ങളും ശാശ്വതമല്ല. സമൂഹങ്ങൾ മാറുന്നു. രാഷ്ട്രീയ സാഹചര്യങ്ങൾ മാറുന്നു. പൊതുബോധം മാറുന്നു. എന്നാൽ മാറ്റങ്ങൾ സംഭവിക്കുന്നത് സംഘടിതമായ പ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ക്ഷമയിലൂടെയും ധാർമികമായ പ്രതിബദ്ധതയിലൂടെയുമാണ്.

ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്ന് ആവശ്യമായിട്ടുള്ളത് ഭയത്തിന്റെ രാഷ്ട്രീയമല്ല; പ്രത്യാശയുടെ രാഷ്ട്രീയമാണ്. പരാതികളുടെ ഭാഷ മാത്രമല്ല; നിർമാണത്തിന്റെ ഭാഷ കൂടിയാണ്. കാരണം ഒരു സമുദായത്തിന്റെ യഥാർഥ ശക്തി അത് നേരിടുന്ന പ്രതിസന്ധികളില്ല, അവയോട് അത് എങ്ങനെ പ്രതികരിക്കുന്നു എന്നതിലാണ്.

### പരീക്ഷണങ്ങളുടെ കാലത്ത് വിശ്വാസവും പ്രതീക്ഷയും

മുസ്‌ലിം സമൂഹങ്ങൾ ചരിത്രത്തിലുടനീളം വിവിധ തരത്തിലുള്ള വെല്ലുവിളികളും പ്രതിസന്ധികളും അഭിമുഖീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ അധികാര നഷ്ടം, സാമൂഹിക ഒറ്റപ്പെടുത്തൽ, അധിനിവേശം, പീഡനം, കുടിയൊഴിപ്പിക്കൽ തുടങ്ങി അനേകം അനുഭവങ്ങൾ മുസ്‌ലിം ചരിത്രത്തിന്റെ ഭാഗമാണ്. ഇത്തരം സാഹചര്യങ്ങളിൽ കൈക്കൊള്ളാൻ ഇസ്‌ലാം പഠിപ്പിക്കുന്നത്

**അല്ലാഹുവിന്റെ സഹായം ലഭിക്കുവാനുള്ള യോഗ്യത നേടിയെടുക്കലാണ് പ്രധാനം. അത് തൗഹീദിൽ അധിഷ്ഠിതമായ ജീവിതമാണ്. ഈ വിശ്വാസമാണ് മുസ്‌ലിം സമൂഹത്തിന് പ്രതിസന്ധികളിൽ ആത്മവിശ്വാസം നൽകുന്നത്. ഒരു വിശ്വാസിയുടെ പ്രതീക്ഷ രാഷ്ട്രീയ സാഹചര്യങ്ങളിൽ മാത്രം അധിഷ്ഠിതമല്ല; അല്ലാഹുവിന്റെ വാഗ്ദാനത്തിലാണ്. ഇന്നത്തെ വെല്ലുവിളി മുസ്‌ലിംകളുടെ മാത്രം വെല്ലുവിളിയല്ല. ഇന്ത്യ ഭരണഘടനാപരമായ വാഗ്ദാനങ്ങളോട് എത്രമാത്രം വിശ്വസ്തമായി നിലകൊള്ളും എന്നതാണ് യഥാർഥ ചോദ്യം.**

**ഒരു സമുദായം പ്രയാസകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ അതിനെ വെറും രാഷ്ട്രീയ സംഭവമായി മാത്രം കാണേണ്ടതില്ല; മതത്തിന്റെ ദൃഷ്ടിയിൽ അത് പരീക്ഷണമാണ്. മുഹമ്മദ് നബി(സ്വ)യും അനുചരന്മാരും സാമൂഹിക ബഹിഷ്കരണവും സാമ്പത്തിക ഉപരോധവും ശാരീരിക പീഡനങ്ങളും അനുഭവിച്ചു. എന്നാൽ അവർ നിരാശയ്ക്ക് കീഴടങ്ങിയില്ല. തങ്ങളുടെ മൂല്യങ്ങളിലും വിശ്വാസത്തിലും ഉറച്ചുനിന്നു.**

നിരാശയല്ല; പ്രതീക്ഷയും സ്ഥിരതയുമാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും നാം നിങ്ങളെ ഭയം കൊണ്ടും വിശപ്പുകൊണ്ടും സമ്പത്തുകളുടെയും ജീവനുകളുടെയും ഫലങ്ങളുടെയും നഷ്ടം കൊണ്ടും പരീക്ഷിക്കും. ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ഖുർആൻ 2:155).

ഒരു സമുദായം പ്രയാസകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ അതിനെ വെറും രാഷ്ട്രീയ സംഭവമായി മാത്രം കാണേണ്ടതില്ല; മതത്തിന്റെ ദൃഷ്ടിയിൽ അത് പരീക്ഷണമാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: "നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ" (ഖുർആൻ 3:139).

മക്കയിലെ ആദ്യകാല മുസ്‌ലിംകളുടെ ചരിത്രം ഈ സന്ദേശത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. മുഹമ്മദ് നബി(സ്വ)യും അനുചരന്മാരും സാമൂഹിക ബഹിഷ്കരണവും സാമ്പത്തിക ഉപരോധവും ശാരീരിക പീഡനങ്ങളും അനുഭവിച്ചു. എന്നാൽ അവർ നിരാശയ്ക്ക് കീഴടങ്ങിയില്ല. തങ്ങളുടെ മൂല്യങ്ങളിലും വിശ്വാസത്തിലും ഉറച്ചുനിന്നു.

ഇസ്‌ലാമിക ചരിത്രത്തിലെ പല ഘട്ടങ്ങളിലും മുസ്‌ലിം സമൂഹങ്ങൾ വലിയ തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. 1258ൽ ബാഗ്ദാദ് മംഗോളികൾ കീഴടക്കിയപ്പോൾ മുസ്‌ലിം ലോകത്തിന്റെ രാഷ്ട്രീയ-ബൗദ്ധിക കേന്ദ്രം തകർന്നുവീണു. അൻഡലൂസിലെ മുസ്‌ലിം ഭരണത്തിന്റെ പതനവും മുസ്‌ലിം ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായിരുന്നു.

പള്ളികൾക്കെതിരായ നടപടികളോ രാഷ്ട്രീയ വിവാദങ്ങളോ മാധ്യമ അവഗണനയോ ഉണ്ടായാലും മുസ്‌ലിംകളുടെ പ്രതികരണം നീതി, ക്ഷമ, ജ്ഞാനം, നിയമപരമായ പോരാട്ടം, സാമൂഹിക സേവനം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം.

ഖുർആൻ പറയുന്നു: "അല്ലാഹു നിങ്ങളെ സഹായിക്കുന്നുവെങ്കിൽ നിങ്ങളെ തോൽപിക്കാൻ ആരുമില്ല" (ഖുർആൻ 3:160).

അല്ലാഹുവിന്റെ സഹായം ലഭിക്കുവാനുള്ള യോഗ്യത നേടിയെടുക്കലാണ് പ്രധാനം. അത് തൗഹീദിൽ അധിഷ്ഠിതമായ ജീവിതമാണ്. ഈ വിശ്വാസമാണ് മുസ്‌ലിം സമൂഹത്തിന് പ്രതിസന്ധികളിൽ ആത്മവിശ്വാസം നൽകുന്നത്. ഒരു വിശ്വാസിയുടെ പ്രതീക്ഷ രാഷ്ട്രീയ സാഹചര്യങ്ങളിൽ മാത്രം അധിഷ്ഠിതമല്ല; അല്ലാഹുവിന്റെ വാഗ്ദാനത്തിലാണ്.

### ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ചോദ്യം

ഇന്ത്യയുടെ ചരിത്രം സംഘർഷങ്ങളുടെത് മാത്രമല്ല; സഹവർത്തിത്വത്തിന്റെയും പങ്കുവെക്കലിന്റെയും കൂടിയാണ്. നൂറ്റാണ്ടുകളായി വിവിധ മതക്കാരും ഭാഷക്കാരും ഇവിടെ ഒരുമിച്ച് ജീവിച്ചിരുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി അതിന്റെ വൈവിധ്യമാണ്.

അതിനാൽ, ഇന്നത്തെ വെല്ലുവിളി മുസ്‌ലിംകളുടെ മാത്രം വെല്ലുവിളിയല്ല. ഇന്ത്യ ഭരണഘടനാപരമായ വാഗ്ദാനങ്ങളോട് എത്ര മാത്രം വിശ്വസ്തമായി നിലകൊള്ളും എന്നതാണ് യഥാർഥ ചോദ്യം.

ഇന്ത്യയുടെ ബഹുസ്വരത നിലനിൽക്കുമോ? ന്യൂനപക്ഷങ്ങൾക്ക് ഈ രാജ്യം തങ്ങളുടെതാണെന്ന ബോധത്തോടെ ജീവിക്കാൻ കഴിയുമോ? ഭരണഘടനയുടെ ആത്മാവ് രാഷ്ട്രീയ അധികാരത്തെക്കാൾ ശക്തമായി തുടരുമോ?

ഈ ചോദ്യങ്ങൾ മുസ്‌ലിംകളുടെ മാത്രം ചോദ്യങ്ങളല്ല. ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ചോദ്യങ്ങളാണ്. ആ ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരങ്ങളാണ് വരും തലമുറകൾക്ക് ലഭിക്കുന്ന ഇന്ത്യയെ നിർണയിക്കുക.



### ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 02

# ശീഇകളുടെ ഉത്ഭവം

ഡോ. ടി. കെ. യൂസുഫ്
: 9349798262

'ശീഅ' എന്ന അറബി പദത്തിന്റെ അർഥം 'അനുയായികൾ' അല്ലെങ്കിൽ 'സഹായികൾ' എന്നാണ്. സഹായി അല്ലെങ്കിൽ അനുയായി എന്ന അർഥത്തിൽ ഒരാൾക്കും രണ്ടാൾക്കും കൂടുതൽ ആളുകൾക്കും സത്രീലിംഗത്തിനും പുംലിംഗത്തിനുമെല്ലാം 'ശീഅ എന്ന' പദം തന്നെയാണ് പ്രയോഗിക്കുക. ഒരു കാര്യ ത്തിൽ ഒരു ജനത ഒരുമിച്ചുകൂടിയാൽ അവരും 'ശീഅ'യാണ്. ഒരാളെ സഹായിക്കുകയോ അയാളുടെ പക്ഷം ചേരുകയോ ചെയ്താൽ അവനെക്കുറിച്ച് അയാളുടെ 'ശീഅ' എന്നാണ് പറയുക.

ശിയാക്കളുടെ സാങ്കേതിക പ്രയോഗമനുസരിച്ച് അമീറുൽ മുഅ്മിനീൻ അലിയുടെ ഖിലാഫത്ത് അംഗീകരിക്കുന്നവർക്കാണ് 'ശീഅ' എന്നു പറയുന്നത്. അതോടൊപ്പം അദ്ദേഹത്തിന് മുമ്പുള്ളവരുടെ ഖിലാഫത്ത് നിഷേധിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രസ്തുത നിർവചനത്തിൽ അലി(റ)ക്ക് ശേഷമുള്ള ഇമാമുകൾ ഉൾകൊള്ളാത്തതുകൊണ്ട് വേറെയും അനവധി നിർവചനങ്ങൾ ഈ പദത്തിന് ശീഇകൾ നൽകുന്നുണ്ട്. അലി(റ)യുടെ അനുയായി ആയി മാറുകയും മറ്റു സ്വഹാബികളെക്കാൾ അദ്ദേഹത്തിന് മുൻഗണന നൽകുകയും ചെയ്യുന്നവർ എന്ന് സാമാന്യമായി പറയാറുണ്ടെങ്കിലും, ഈ നിർവചനം അലി(റ)യുടെ കാലത്തുള്ളവർക്ക് അനുയോജ്യമാണെങ്കിലും പിന്നീടുള്ളവർ (ശേഷം വന്ന) അവരുടെ ഇമാമുമാരെയും അവരുടെ വിശ്വാസകാര്യങ്ങളും അംഗീകരിച്ചെങ്കിൽ മാത്രമെ ഈ പേരിന് അർഹത നേടാനാവുകയുള്ളൂ.

ചില റാഫിദികളുടെ വാദപ്രകാരം ശീഇസത്തിന്റെ വിത്തുകൾ പാകിയത് പ്രവാചകൻ(സ്വ) തന്നെയാണ്! നബി(സ്വ)യുടെ കാലത്ത് തന്നെ ഇത് രൂപപ്പെട്ടിട്ടുണ്ട് എന്നാണവർ പറയുന്നത്. എന്നാൽ നബി (സ്വ)യുടെ കാലത്ത് ശീഅ-സുന്നീ വിഭാഗങ്ങളുണ്ടായിരുന്നുവെങ്കിൽ ഖുർആൻ തന്നെ അക്കാര്യം വെളിപ്പെടുത്തുമായിരുന്നു. എല്ലാവരും നബിയുടെ ശീഅ (അനുയായികൾ) ആയിരുന്നു. ഇബ്നു തീമിയ്യ പറയുന്നത് അബൂബക്റി(റ)ന്റെയും ഉമറി(റ)ന്റെയും ഉസ്മാന്റെ(റ)യും കാലത്ത് 'ശീഅ' എന്ന പ്രയോഗമുണ്ടായിരുന്നില്ല, അവരിൽ ആരുടെയെങ്കിലും ശീഅ എന്ന് പറയപ്പെട്ടിരുന്നില്ല എന്നാണ്.

നബി(സ്വ)യുടെ വിയോഗാനന്തരം അലി(റ)ക്കാണ് ഖിലാഫത്തിന് ഏറ്റവും അർഹത എന്ന വാദഗതിക്കാരാണ് ശീഇസത്തിന് ബീജാവാപം നൽകിയത്. താനാണ് ഖിലാഫത്തിന് അർഹൻ എന്ന വാദം അലി(റ)ക്കുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അബൂബക്റിന് ബൈഅത്ത് ചെയ്യുമായിരുന്നില്ല. അബൂബക്റും ഉമറുമാണ് നബി(സ്വ)ക്ക് ശേഷം ഏറ്റവും ഉത്തമർ എന്ന് കൂഫയിലെ മിമ്പറിൽനിന്ന് പരസ്യമായി അദ്ദേഹം പ്രഖ്യാപിക്കുമായിരുന്നില്ല. എന്നാൽ ഖിലാഫത്ത് വാദം (അദ്ദേഹം ആഗ്രഹിക്കാത്ത ഒരു കാര്യം) ചിലർ അദ്ദേഹത്തിന്റെ മേൽ കെട്ടിച്ചമച്ചതാണ്. യഥാർഥത്തിൽ ഉസ്മാൻ(റ)വിന്റെ ഭരണ കാലത്തിന്റെ അവസാന ഘട്ടത്തിൽ ജൂതനായിരുന്ന അബ്ദുല്ലാഹിബിൻ സബഅ് ആണ് മുസ്‌ലിം സമുദായത്തിൽ ശീഈ വിശ്വാസത്തിന്റെ വിത്തു പാകിയത്. ശീഇസത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അവർക്കു പോലും ഏകാഭിപ്രായമില്ല.

ജമൽ യുദ്ധ ദിവസമാണ് ശീഇസത്തിന് ആരംഭം കുറിച്ചത് എന്ന് പറയുന്നവർ അവരിലുണ്ട്. മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായപ്രകാരം അലി(സ്വ) സ്വിഫീനിൽ നിന്ന് മടങ്ങിയതിന് ശേഷമാണ് ശീഇസം രൂപം കൊണ്ടത്. ഹുസൈൻ(റ)വിന്റെ രക്തമാണ് ശീഇസത്തിന് വിത്തുപാകിയത് എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

*(തുടരും)*



# ഭക്ഷണവും ആരോഗ്യവും

ഡോ. സലീല കെ, കോട്ടക്കൽ

നമ്മുടെ ജീവന്റെ നിലനിൽപിനും വളർച്ചയ്ക്കും ആധാരം ഭക്ഷണമാണ്. 'നാം കഴിക്കുന്ന ഭക്ഷണമാണ് നമ്മെ രൂപപ്പെടുത്തുന്നത്' എന്ന് പറയാറുണ്ട്. രോഗമില്ലാത്ത ശരീരവും ഉന്മേഷമുള്ള മനസ്സും നിലനിർത്താൻ ശരിയായ ഭക്ഷണരീതി അത്യാവശ്യമാണ്. എന്നാൽ ആധുനിക കാലത്തെ തെറ്റായ ഭക്ഷണ ശീലങ്ങളും കൃത്രിമ ഭക്ഷണങ്ങളോടുള്ള ആഭിമുഖ്യവും മനുഷ്യനെ വിവിധ രോഗങ്ങളുടെ പിടിയിലാക്കുന്നു. അതുകൊണ്ട് തന്നെ, ഭക്ഷണകാര്യത്തിൽ നാം പുലർത്തേണ്ട ജാഗ്രതയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.

**സമീകൃതാഹാരത്തിന്റെ പ്രാധാന്യം**

നമ്മുടെ ശരീരത്തിന് ആവശ്യമായ എല്ലാ പോഷകങ്ങളും അടങ്ങിയ ഭക്ഷണത്തെയാണ് സമീകൃതാഹാരം (Balanced Diet)എന്ന് പറയുന്നത്. കാർബോഹൈഡ്രേറ്റ് (അന്നജം), പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവ കൃത്യമായ അളവിൽ ശരീരത്തിലെത്തണം. നമ്മുടെ ഭക്ഷണത്തിൽ അന്നജം കൂടുതൽ അടങ്ങിയ ധാന്യങ്ങളുടെ അമിതമായ ഉപയോഗവും ശരീരത്തിനാവശ്യമായ അളവിൽ പ്രോട്ടീൻ ഉൾപ്പെടാത്തതും ആവശ്യത്തിന് പച്ചക്കറികൾ, മിതമായ അളവിൽ പഴവർഗങ്ങൾ എന്നിവ ഇല്ലാത്തതും അമിതവണ്ണം, ഫാറ്റിലിവർ, പ്രമേഹം എന്നിവയുടെ സാധ്യത വളരെയധികം വർധിപ്പിക്കുന്നു.

- ധാന്യങ്ങൾ: തവിടു കളയാ

ത്ത അരി, ഗോതമ്പ്, റാഗി തുടങ്ങിയവ ഊർജം നൽകുന്നു. വെള്ള അരി (polished rice) ഉപയോഗിച്ചുള്ള ചോറ് കഴിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂടാൻ കാരണമാകുന്നു.

- പ്രോട്ടീനുകൾ: പേശികളുടെ വളർച്ചയ്ക്ക് ചെറുപയർ, കടല തുടങ്ങിയ പയറുവർഗങ്ങളും മുട്ട, മീൻ, മാംസം എന്നിവയും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം.
- പഴങ്ങളും പച്ചക്കറികളും: വിറ്റാമിനുകളും നാരുകളും (Fiber) ലഭിക്കാൻ ദിവസവും പല നിറങ്ങളിലുള്ള പച്ചക്കറികളും പഴങ്ങളും കഴിക്കുക.

**ഭക്ഷണ സമയവും ക്രമീകരണവും**

എന്ത് കഴിക്കുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് എപ്പോൾ കഴിക്കുന്നു എന്നതും. ശരീരത്തിന്റെ ജൈവഘടികാരത്തിന് (Biological clock) അനുസരിച്ച് ഭക്ഷണം കഴിക്കുന്നത് ദഹനം എളുപ്പമാക്കും.

- പ്രഭാതഭക്ഷണം (Breakfast): ദിവസത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണമാണിത്. ഇത് ഒരു കാരണവശാലും ഒഴിവാക്കരുത്. ഉപാപചയ പ്രവർത്തനങ്ങൾ (Metabolism) മികച്ചതാക്കാൻ ഇത് സഹായിക്കും. ധാന്യങ്ങൾ കൊണ്ടുള്ള പലഹാരങ്ങൾക്ക് (അരിപ്പത്തിരി, അരിപ്പുട്ട്...) പകരം ചെറുധാന്യങ്ങൾ (റാഗി, ചാമ...) കൊണ്ടുള്ള ഭക്ഷണം രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്നു. കൂടെ പയറുവർഗങ്ങൾ, മുട്ട, മത്സ്യം, മാംസം ഇവയിലേതെങ്കിലും നിർബന്ധമായും ഉൾപ്പെടുത്തണം.
- ഉച്ചഭക്ഷണം (Lunch): മിതമായ അളവിൽ എല്ലാ പോഷകങ്ങളും അടങ്ങിയ ചോറോ ചപ്പാത്തിയോ കറികളോടൊപ്പം കഴിക്കാം.
- രാത്രിഭക്ഷണം (Dinner): എപ്പോഴും ലഘുവായിരിക്കണം. സൂപ്പ്, പുഴുങ്ങിയ പച്ചക്കറികൾ, എന്നിവ ഉത്തമമാണ്. ഉറങ്ങുന്നതിന് കുറഞ്ഞത് രണ്ടു മണിക്കൂർ മുമ്പെങ്കിലും ഭക്ഷണം കഴിക്കലാണ് ഉത്തമം.

**ആരോഗ്യകരമായ ഭക്ഷണത്തളിക**

ഒരു വ്യക്തിയുടെ ആരോഗ്യത്തിന് ഏറ്റവും അനുയോജ്യമായ രീതിയിൽ ഉച്ചഭക്ഷണവും രാത്രിഭക്ഷണവും ക്രമീകരിക്കാൻ സഹായിക്കുന്ന ഒരു എളുപ്പവഴിയാണ് Healthy Plate അഥവാ ആരോഗ്യകരമായ ഭക്ഷണത്തളിക. നമ്മൾ കഴിക്കുന്ന പ്ലേറ്റിനെ പ്രധാനമായും നാല് ഭാഗങ്ങളായി തിരിച്ചാണ് ഇതിൽ ഭക്ഷണത്തിന്റെ അളവ് നിശ്ചയിക്കുന്നത്. അതിന്റെ ഘടന താഴെ പറയുന്ന രീതിയിലാണ്:

**പകുതി ഭാഗം (½) പച്ചക്കറികളും പഴങ്ങളും**

- പ്ലേറ്റിന്റെ പകുതി ഭാഗം എപ്പോഴും പല നിറത്തിലുള്ള പച്ചക്കറികളും പഴവർഗങ്ങളും കൊണ്ട് നിറയ്ക്കണം.
- തോരൻ, മെഴുക്കുപുരട്ടി, കറികൾ, അല്ലെങ്കിൽ സാലഡ് രൂപത്തിൽ പച്ചക്കറികൾ കഴിക്കാം.

ശ്രദ്ധിക്കുക; ഉരുളക്കിഴങ്ങ്, കിഴങ്ങ് വർഗങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തരുത് (ഇവയിൽ അന്നജം കൂടുതലാണ്).

**കാൽ ഭാഗം (¼) ധാന്യങ്ങൾ**

- പ്ലേറ്റിന്റെ നാലിലൊന്ന് ഭാഗം തവിടു കളയാത്ത ധാന്യങ്ങൾക്കായി മാറ്റിവെക്കണം. മട്ടയരിച്ചോറ്, ചപ്പാത്തി, ഓട്സ്, അല്ലെങ്കിൽ റാഗി, ചാമ, തിന തുടങ്ങിയ ചെറുധാന്യങ്ങൾ (Millets) ഇതിനായി തിരഞ്ഞെടുക്കാം.
- മൈദ, വെള്ളയരിച്ചോറ്, വെള്ള ബ്രെഡ് തുടങ്ങിയ സംസ്കരിച്ച ധാന്യങ്ങൾ പരമാവധി കുറയ്ക്കുക.

**കാൽ ഭാഗം (¼) പ്രോട്ടീനുകൾ**

- ബാക്കിയുള്ള നാലിലൊന്ന് ഭാഗം ശരീരത്തിന് പേശീബലം നൽകുന്ന പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങളായിരിക്കണം.
- മീൻകറി, ചിക്കൻ, മുട്ട എന്നിവ കഴിക്കാം.
- ചെറുപയർ, കടല, പരിപ്പുവർഗങ്ങൾ, സോയാബീൻ, പനീർ എന്നിവ ഉൾപ്പെടുത്താം.
- വറുത്ത ഇറച്ചിയും മീനും ഒഴിവാക്കി കറിയായോ ഗ്രിൽ ചെയ്തോ കഴിക്കാൻ ശ്രദ്ധിക്കുക.

*(അവസാനിച്ചില്ല)*

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَاغْفِرْ لِأَبِي إِنَّهُ كَانَ مِنَ الضَّالِّينَ ﴿٨٦﴾

86. എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കേണമേ. തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലായിരിക്കുന്നു.

*86). (എന്റെ പിതാവിന് നീ പൊറുത്തു കൊടുക്കേണമേ. തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിൽ ആയിരിക്കുന്നു. പിതാവിന് വേണ്ടി പ്രാർഥിക്കുമെന്ന അദ്ദേഹത്തിന്റെ വാഗ്ദത്തത്തിന്റെ ഭാഗമാണ് ഈ പ്രാർഥന. അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞിരുന്നു: ഞാൻ പാപമോചനം തേടുക തന്നെ ചെയ്യും.*

قَالَ سَلَامٌ عَلَيْكَ ۖ سَأَسْتَغْفِرُ لَكَ رَبِّي ۖ إِنَّهُ كَانَ بِي حَفِيًّا

*"താങ്കൾക്ക് വേണ്ടി ഞാൻ എന്റെ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവൻ എന്നോട് ദയയുള്ളവനാണ്" (19:47).*

*മറ്റൊരിടത്ത് അല്ലാഹു പറയുന്നു:*

وَمَا كَانَ اسْتِغْفَارُ إِبْرَاهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَا إِيَّاهُ فَلَمَّا تَبَيَّنَ لَهُ أَنَّهُ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ ۚ

*"ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിന് വേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തതുകൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ വിട്ടൊഴിഞ്ഞു" (9:114).*

إِنَّ إِبْرَاهِيمَ لَحَلِيمٌ أَوَّاهٌ مُّنِيبٌ

*"തീർച്ചയായും ഇബ്റാഹീം സഹനശീലനും ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപം ഉള്ളവനും തന്നെയാണ്" (11:75)*

---

وَلَا تُخْزِنِي يَوْمَ يُبْعَثُونَ ﴿٨٧﴾

87. അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ.

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾

88. അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം.

إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ ﴿٨٩﴾

89. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ.

*87-89) (അവർ ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിൽ ആക്കരുതേ) ചില പാപങ്ങൾക്ക് എന്നെ ശാസിച്ചുകൊണ്ട്, അല്ലെങ്കിൽ എന്നെ ശിക്ഷിക്കുകയോ അത് തുറന്നു കാട്ടി അപമാനിക്കുകയോ ചെയ്തുകൊണ്ട്. മറിച്ച് ആ ദിവസം എന്നെ സൗഭാഗ്യത്തിലാക്കേണമേ. ആ ദിവസം (സ്വത്തോ സന്താനങ്ങളോ ഉപകാരപ്പെടുകയില്ല). (കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിന്റെയടുക്കൽ ചെന്നവനൊഴികെ) നിന്റെ മുമ്പിൽ പ്രയോജനപ്പെടുന്നത് ഇതുമാത്രമാണ്; ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതും വലിയ പ്രതിഫലം വാങ്ങിത്തരുന്നതും.*

*ശുദ്ധമായ ഹൃദയം എന്നതുകൊണ്ട് അർഥമാക്കുന്നത് ശിർക്കിൽനിന്നും സംശയങ്ങളിൽനിന്നും രക്ഷപ്പെടുക എന്നതും തിന്മയെ ഇഷ്ടപ്പെടാതിരിക്കുകയും പാപങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മാറി നിൽക്കുകയും ചെയ്യുക എന്നതാണ്. ഇതിന് വിരുദ്ധമായ കാര്യങ്ങൾ ആ ഹൃദയത്തിൽ ഉണ്ടാവുകയും വേണം. ആത്മാർഥ അറിവ്, ദൃഢവിശ്വാസം, നന്മയോടുള്ള സ്നേഹം, അതിലേക്കുള്ള ഹൃദയത്തിന്റെ താൽപര്യം എന്നിവ ഉണ്ടാകണം. അവന്റെ ഇഷ്ടങ്ങളും ഉദ്ദേശങ്ങളും എല്ലാം അല്ലാഹുവിന്റെ ഇഷ്ടത്തെ പരിഗണിച്ചായിരിക്കണം. അവന്റെ ഇച്ഛ പിൻപറ്റുന്നത് അല്ലാഹുവിൽനിന്ന് വന്നതായിരിക്കണം.*

---

وَأُزْلِفَتِ الْجَنَّةُ لِلْمُتَّقِينَ ﴿٩٠﴾

90. (അന്ന്) സൂക്ഷ്മത പാലിക്കുന്നവർക്ക് സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്.

وَبُرِّزَتِ الْجَحِيمُ لِلْغَاوِينَ ﴿٩١﴾

91. ദുർമാർഗികൾക്ക് നരകം തുറന്നുകാണിക്കപ്പെടുന്നതുമാണ്.

وَقِيلَ لَهُمْ أَيْنَ مَا كُنتُمْ تَعْبُدُونَ ﴿٩٢﴾

92. അവരോട് ചോദിക്കപ്പെടുകയും ചെയ്യും: നിങ്ങൾ ആരാധിച്ചിരുന്നതെല്ലാം എവിടെപ്പോയി?

مِن دُونِ اللَّهِ هَلْ يَنصُرُونَكُمْ أَوْ يَنتَصِرُونَ ﴿٩٣﴾

93. അല്ലാഹുവിനു പുറമെ. അവർ നിങ്ങളെ സഹായിക്കുകയോ സ്വയം സഹായം നേടുകയോ ചെയ്യുന്നുണ്ടോ?

فَكُبْكِبُوا فِيهَا هُمْ وَالْغَاوُونَ ﴿٩٤﴾

94. തുർന്ന് അവരും (ആരാധ്യൻമാർ) ആ ദുർമാർഗികളും അതിൽ (നരകത്തിൽ) മുഖം കുത്തി വീഴ്ത്തപ്പെടുന്നതാണ്.

وَجُنُودُ إِبْلِيسَ أَجْمَعُونَ ﴿٩٥﴾

95. ഇബ്‌ലീസിന്റെ മുഴുവൻ സൈന്യങ്ങളും.

---

*90-95). തുടർന്ന് അല്ലാഹു ആ സുപ്രധാന ദിവസത്തിന്റെ അവസ്ഥയെക്കുറിച്ചും അതിൽ സംഭവിക്കുന്ന ശിക്ഷകളെക്കുറിച്ചും പറയുന്നു. (സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്) അടുത്തുകൊണ്ടുവരും. (സൂക്ഷ്മത പാലിക്കുന്നവർക്ക്) തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുന്നവർ, അവന്റെ കൽപന സ്വീകരിച്ച് അവന്റെ താക്കീതുകൾ സൂക്ഷിച്ചും അവന്റെ കോപത്തെയും ശിക്ഷയെയും ഭയന്നുജീവിക്കുകയും ചെയ്യുന്നവർ. നരകം അതിന്റെ പൂർണ ഭാവത്തോടെ പ്രത്യക്ഷപ്പെടും. (ദുർമാർഗികൾക്ക്) അവർ അല്ലാഹുവിനെ ധിക്കരിച്ചവരാണ്. അവൻ വിരോധിച്ചത് പ്രവർത്തിക്കാൻ ധൈര്യപ്പെട്ടവർ, അവന്റെ ദൂതന്മാരെ കളവാക്കിയവർ, അവർ കൊണ്ടുവന്ന സത്യത്തെ തള്ളിക്കളഞ്ഞവർ.*

*(അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിച്ചിരുന്നതെല്ലാം എവിടെപ്പോയി, അവർ നിങ്ങളെ സഹായിക്കുകയോ സ്വയം സഹായം തേടുകയോ ചെയ്യുന്നുണ്ടോ എന്ന് അവരോട് ചോദിക്കപ്പെടുകയും ചെയ്യും) അവരെ സ്വയം സഹായിക്കാൻ കഴിയുമോ? അതൊന്നും സംഭവിക്കില്ല. അവരുടെ നുണകളും അപമാനവും വെളിവാകും. അവരുടെ ഇഷ്ടങ്ങളും തിന്മകളും വ്യക്തമാകും. അവരുടെ ഖേദം പ്രകടമാകും. അധ്വാനം പാഴായിപ്പോവുകയും ചെയ്യും.*

*(അതിൽ മുഖം കുത്തിവീഴ്ത്തപ്പെടുന്നതാണ്) നരകത്തിലേക്ക് വലിച്ചെറിയപ്പെടും. (അവരും) അവർ ആരാധിച്ചവർ. (ദുർമാർഗികളും) അവയെ ആരാധിച്ചവർ. (ഇബ്‌ലീസിന്റെ മുഴുവൻ സൈന്യങ്ങളും നരകത്തിൽ മുഖംകുത്തി വീഴ്ത്തപ്പെടുന്നതാണ്) എല്ലാവരും ഒരുമിച്ച്. ഇതിൽ മനുഷ്യരും ജിന്നുകളും ഉൾപ്പെടുന്നു. അവർ പാപത്തിന് പ്രേരിപ്പിക്കുകയും അവിശ്വാസംകൊണ്ട് അവരുടെ മേൽ അധികാരം ചെലുത്തുകയും ചെയ്തു. അങ്ങനെ അവർ ഇബ്‌ലീസിന്റെ പ്രബോധകരായി; അവന്റെ പ്രീതിക്കായി പരിശ്രമിക്കുന്നവരും. ഇബ്‌ലീസിനെ അനുസരിക്കാൻ അവർ ക്ഷണിച്ചു. അവർക്കിടയിൽ അവനുവേണ്ടി ക്ഷണിക്കുന്നവരും അവന് ഉത്തരം നൽകുന്നവരും ശിർക്കിൽ അനുകരിക്കുന്നവരും ഉണ്ട്.*

# ജെൻസിക്കോലം!

സിനി. ടി. കെ, മണ്ണാർക്കാട്



മുടിയിൽ കളറും
കാതിൽ ബഡ്സും
കണ്ണിൽ കൂളിംഗ്ലാസും
സ്റ്റൈലൻ പോസും!
‘ബ്രോ’യും ‘ഡ്യൂഡ്’ഉം
നാവിൽ പൂക്കും,
റീൽസുകൾ കണ്ടു
രാവും പകലും പോക്കും.
സ്റ്റോറിയിൽ മാത്രം
ലോകം നോക്കും,
ലൈക്ക് കുറഞ്ഞാൽ
മുഖം ചുളിക്കും.
സെൽഫി നൂറ്,
ഫിൽറ്റർ ആയിരം,
യഥാർഥ്യത്തിന്
കിട്ടും വിശ്രമം.
ട്രെൻഡിംഗ് ഡാൻസ്
ചുവടുകൾ വയ്ക്കും
വൈറൽ സ്വപ്നം
നെഞ്ചിലേറ്റും.
ഫോളോവഴ്സിന്റെ
എണ്ണത്തിൽ ചിരിക്കും
മാതാപിതാക്കൾ
വിളിച്ചാൽ കയർക്കും.
പുസ്തകം തുറക്കാൻ
മടികാണിക്കും
ഫോണിൻ വെളിച്ചം
കണ്ണിൽ നിറയും
ഷോർട്സുകൾ കണ്ടു
സമയം തീർക്കും
ജീവിത ലക്ഷ്യം
പാടെ മറക്കും.
ഭാവി നശിക്കും
കാര്യമോർക്കാതെ
ലഹരി തൻ രുചികൾ
നൊട്ടിനുണയും.
പ്രിയ ജെൻസികളേ, കേട്ടോളൂ;
ജീവിതം റീൽസുകളല്ലെന്ന്.
സ്റ്റൈലും ലുക്കും നല്ലതു തന്നെ
അളവത് വിട്ടാൽ ദൂഷ്യം തന്നെ!
ദീനിൻ പരിധികൾ ലംഘിച്ചാൽ
ഇഹവും പരവും പോയതു തന്നെ!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 11 July 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

To the **Right Goal**
Through the **Right Path**

**wisdomstudents**

30th

WISDOM

# PROFCON

**PROFESSIONAL STUDENTS GLOBAL CONFERENCE**



2026
**SEPTEMBER**
**11 12 13**

# PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT